

## പൗരത്വബില്ലിലെ ഇരട്ടത്താപ്പ്

സർക്കാർ ഇപ്പോൾ നടത്തിയ പൗരത്വ ഭേദഗതി രാജ്യത്തിന്റെ മതേതരത്വത്തിന് കടുത്ത വെല്ലുവിളി ഉയർത്തുമെന്ന് പലരും ചൂണ്ടിക്കാണിക്കുന്നു. അനധികൃത കുടിയേറ്റക്കാരായ മുസ്‌ലിംകളെ മാത്രം ഒറ്റപ്പെടുത്താനുള്ള നീക്കം വലിയ പ്രത്യാഘാതമുണ്ടാക്കുമെന്നും ഇവർ വിലയിരുത്തുന്നു. പുതിയ ഭേദഗതിയോടെ ആറുവർഷമായ അനധികൃത ഹിന്ദു കുടിയേറ്റക്കാർ സംരക്ഷിക്കപ്പെടുകയും കാൽനൂറ്റാണ്ടായ  അനധികൃത മുസ്‌ലിം കുടിയേറ്റക്കാർ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയാണുണ്ടാവുക. നീതിയും നിഷ്പക്ഷതയും പുലർത്തേണ്ട ഭരണകൂടം തന്നെ വിഭാഗീയതയ്ക്ക് വളംവെക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നത് നാടിന്റെ നാശത്തിന് ആക്കംകൂട്ടുമെന്നതിൽ സംശയമില്ല.

VOL NO: 03 | ISSUE 06

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 FEBRUARY 09 | ₹12

# ഭൗതികവാദികളും ക്വുർആനിന്റെ പുനർവായനയും

കാലോചിതമായ വായനക്ക് ഇസ്‌ലാമിക പ്രമാണങ്ങളും അന്യമല്ല എന്ന രീതിയിലുള്ള ചർച്ചകൾ കേരളത്തിൽ കേൾക്കാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. ആസ്വാദനപ്രദാനമായ രചനകളെ മാത്രം വിശകലനം ചെയ്ത് പരിചയമുള്ള നവോത്ഥാനനാട്യക്കാരാണ് ഇതിന് മുൻപന്തിയിലുള്ളത്. സ്രഷ്ടാവിന്റെ നിർദേശങ്ങൾ അനുസരിക്കുന്നതിൽ സൃഷ്ടികളുടെ മസ്തിഷ്കത്തെ കൂടി പരിഗണിക്കേണ്ടതുണ്ടോ? ദൈവികവചനങ്ങൾ മനുഷ്യബുദ്ധിക്കനുസരിച്ച് വ്യാഖ്യാനിക്കുന്നതിലെ സാംഗത്യമെന്ത്?

|| സാമൂഹ്യമാധ്യമങ്ങളിൽ ഇടപെടുമ്പോൾ

|| ആരാണ് പ്രാർഥനക്കർഹൻ?




## ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME

# അന്നൂർ
## ഖുർആൻ പഠന പദ്ധതി

**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുന്നതാണ്



peaceradio
Tune to reality

രജിസ്റ്റർ ചെയ്യൂ...
ഇപ്പോൾ തന്നെ

WhatsApp +91 9020 840 840

നേർപഥം
വാരിക

0108 / 2019 ഫെബ്രുവരി 09 / 1440 ജുമാദൽ ആഖിർ 04 / പുസ്തകം 03 / ലക്കം 06



# ഭൗതികവാദികളും ക്വുർആനിന്റെ പുനർവായനയും

ഉസ്മാൻ പാലക്കാഴി / 10

**മുഖമൊഴി**

പൗരത്വബില്ലിലെ ഇരട്ടത്താപ്പ് / 05
എഡിറ്റർ

**ലേഖനം**

പരസ്യപ്രബോധനം / 06
ഫദ്‌ലുൽ ഹഖ് ഉമരി

മക്വ്ദി തങ്ങൾ വരുത്തിയ മാറ്റം:
മതപഠന മേഖലക്ക് മാറ്റ് കൂട്ടുന്നു / 20
ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ

സാമൂഹ്യമാധ്യമങ്ങളിൽ ഇടപെടുമ്പോൾ... / 24
സീ എൻ ഷുഹൈബ്, മാതാംകുളം

ആരാണ് പ്രാർഥനക്കർഹൻ? / 26
സയ്യിദ് സഅ്ഫർ സ്വാദിക്വ് മദീനി

**ക്വുർആൻ ദർശനം**

നബഅ് (വ്യത്താന്തം) / 15
വിവ: ഹാരിസ് ബിൻ സലീം

**ആരോഗ്യപഥം**

മൂത്രാശയക്കല്ല്: ശ്രദ്ധിക്കേണ്ട കാര്യങ്ങൾ / 18
നിസാം

**ചരിത്രപഥം**

സകരിയ്യാ നബിعليه السلام / 29
ഹുസൈൻ സലഫി, ഷാർജ

**ഹദീസ് പാഠം**

കാർഷികവൃത്തിയുടെ മഹത്ത്വം / 34
അബൂഫായിദ

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India
Ph: 0495 4019437 I +91 92075 25244 I mail@nerpatham.com I www.nerpatham.com I Facebook: www.facebook.com

## വായനക്കാർ എഴുതുന്നു




## ജനങ്ങൾ ആഗ്രഹിക്കുന്നത് സമാധാനജീവിതം

ദക്ഷിണേന്ത്യയുടെ സ്വപ്നസാക്ഷാത്കാരത്തിന് വഴിവെക്കുന്ന പെട്രോ കെമിക്കൽ കോംപ്ലക്സിന് പ്രധാനമന്ത്രി തന്നെ തുടക്കം കുറിച്ചിരിക്കയാണല്ലോ. 27.1.19ന് കൊച്ചിയിൽ നടന്ന ബി.പി.സി.എൽ വികസന പദ്ധതികൾ നാടിന് സമർപ്പിക്കുന്ന പ്രൗഢ ഗംഭീര ചടങ്ങിൽ വെച്ചാണ് പെട്രോകെമിക്കൽ കോംപ്ലക്സിനും ശിലയിട്ടത്. നിത്യജീവിതത്തിന്റെ ഭാഗമായ പെട്രോ കെമിക്കൽ ഉൽപന്നങ്ങൾക്ക് പുറംരാജ്യത്തെ അവലംബിക്കുന്നത് കുറച്ച് കൊണ്ടുവരാനും ആ രംഗത്ത് സ്വയം പര്യാപ്തതക്ക് വേണ്ടിയുമുള്ള ചുവടുവയ്പുമാണിത്. രാജ്യസ്നേഹമുള്ള ഓരോ ഇന്ത്യക്കാരനും അഭിമാനത്തിന് വകനൽകുന്നതാണിത്. റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ആരവങ്ങളൊടുങ്ങും മുമ്പ് ഇന്ത്യ മറ്റൊരു വികസന വിഹായുസ്സിലേക്ക് ചിറകടിച്ചുയരുന്നതിന്റെ തുടക്കം കേരളത്തിൽനിന്നാക്കിയത് മലയാളിക്ക് ഇരട്ടി മധുരവുമായി.

ഇനി മറ്റൊരു കാര്യം. ജാതീയതക്കും വർഗീയതക്കും പക്ഷപാതചിന്താഗതികൾക്കും അഴിമതിക്കുമെല്ലാം എതിരെ ജീവിതം കൊണ്ട് സന്ദേശമെഴുതിയ മഹാരഥന്മാരുടെ വീര ചരിതങ്ങൾ നാഴികക്ക് നാൽപത് വട്ടം വാമൊഴിയായും വരമൊഴിയായും ഉരുവിട്ടുകൊണ്ടേയിരിക്കുമ്പോഴും അവർ മണ്ണിട്ട് മൂടി നിർമാർജനം ചെയ്ത അത്തരം അമാനവിക വിഷവിത്തുകളെ മറുവശത്ത് വെള്ളമൊഴിച്ച് മുളപ്പിക്കുന്നു മേലാളന്മാർ! അവ മുളച്ച് പൊങ്ങുക മാത്രമല്ല ചിലതൊക്കെ വൻവൃക്ഷങ്ങൾ തന്നെയായിട്ടുണ്ട്. കളകളെ കടപുഴക്കി എറിയേണ്ടവർ നട്ടുനനച്ച് വളർത്തുന്നു. സ്വസ്ഥതയും സമാധാനവും നൽകേണ്ടവർ അസ്വസ്ഥതയും അരക്ഷിതാവസ്ഥയും സമ്മാനിക്കുന്നു. ചിലർക്കേ സുരക്ഷിത ജീവിതത്തിന് അർഹതയുള്ളൂ എന്ന് പറയാതെ പറയുന്നു.

കീശയും കാശും കൈപ്പിടിയിലൊതുക്കിയപ്പോൾ ആമാശയമെങ്കിലും സെൻസറിംഗിന് വിധേയമാക്കപ്പെടില്ലെന്ന് ധരിച്ചു. പക്ഷേ, ആ ധാരണ അസ്ഥാനത്താണെന്ന് അഖ്‌ലാക്വുമാരുടെ അനുഭവം നമ്മെ ധരിപ്പിച്ചു കഴിഞ്ഞു.

ഹേമന്ദ് കർകറും സുബോദ്കുമാർ സിംഗും ഗൗരി ലങ്കേഷുമൊക്കെ ഏതിന്റെ ഇരയാണെന്നാണ് ഇന്ത്യക്കാർ മനസ്സിലാക്കേണ്ടത്?

സാംസ്കാരിക തനിമയുടെയും മഹിത പാരമ്പര്യങ്ങളുടെയും പേരിൽ ഊറ്റംകൊള്ളുന്നവർ ചിലരുടെ മൗലികാവകാശങ്ങൾ പോലും ഹനിക്കുവാൻ വെമ്പൽ കൊള്ളുന്നത് ഏത് പാരമ്പര്യത്തിന്റെ പിൻബലത്തിലാണ്?

ജാതി, മത, വർഗ ചിന്തകൾക്കപ്പുറം എല്ലാ മനുഷ്യരെയും മനുഷ്യരായി കാണുവാൻ ഭരിക്കുന്നവർക്ക് കഴിയണം. പെട്രോകെമിക്കൽ കോംപ്ലക്സിനെക്കാൾ ജനങ്ങൾ ആഗ്രഹിക്കുന്നത് അതാണ്. തടിച്ചുകൊഴുത്തുകൊണ്ടിരിക്കുന്ന കോർപ്പറേറ്റുകളല്ല രാജ്യത്തിന്റെ പുരോഗതിയുടെ അടയാളം. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതി പ്രഖ്യാപനങ്ങളല്ല; മത-സാംസ്കാരിക തനിമ കാത്തുസൂക്ഷിച്ചുകൊണ്ടുള്ള ജീവിതസാഹചര്യമാണ് ജനങ്ങൾ ആശിക്കുന്നത്.

**- മുസ്‌ലിം ബിൻ ഹൈദർ**

## ഓൺലൈൻ പതിപ്പ് മികച്ച നിലവാരം പുലർത്തുന്നു

നേർപഥത്തിന്റെ പുതിയ ഓൺലൈൻ മുഖം ഏറെ നിലവാരം പുലർത്തി. കെട്ടിലും മട്ടിലും അന്താരാഷ്ട്ര വെബ് മാഗസിനുകളോട് കിടപിടിക്കുന്ന പുതിയ അപ്ഡേഷനിൽ, ഇതുവരെ പുറത്തിറങ്ങിയ മുഴുവൻ ലക്കങ്ങളും യൂണികോഡായി വായിക്കാനും കോപ്പി ചെയ്യാനും പി.ഡി.എഫ് ഡൗൺലോഡ് ചെയ്യാനുമുള്ള സൗകര്യമൊരുക്കിയത് വായനയെ ഗൗരവമായെടുക്കുന്നവർക്കും റഫറൻസിനായി സമീപിക്കുന്നവർക്കും ഉപകാരപ്രദമാവുമെന്ന കാര്യത്തിൽ സംശയമില്ല. പുറത്തിറങ്ങിയ മുഴുവൻ ലക്കങ്ങളുടെയും സോഫ്റ്റ് കോപ്പി ഓൺലൈനിൽ ലഭ്യമാക്കുക എന്ന സാഹസത്തിന് ഇതുവരെ മലയാളത്തിലെ ഒരു മാഗസിനും തയ്യാറായിട്ടില്ല എന്നറിയുമ്പോഴാണ് നേർപഥം ചെയ്യുന്ന സേവനം ബോധ്യപ്പെടുക. അണിയറ പ്രവർത്തകർക്ക് അഭിനന്ദനങ്ങൾ.

**- അബ്ദുൽ വാരിസ് ഒമാൻ**

മുഖമൊഴി

# പൗരത്വബില്ലിലെ ഇരട്ടത്താപ്പ്

**പാ**കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിലെ മുസ്‌ലിംകളല്ലാത്തവർക്ക് ഇന്ത്യൻ പൗരത്വം അനുവദിക്കുന്ന നിയമം ലോകസഭ പാസാക്കിയിരിക്കുകയാണ്. പ്രതിപക്ഷ പാർട്ടികളുടെ കടുത്ത എതിർപ്പിനിടെയാണ് ലോകസഭ ബിൽ പാസാക്കിയത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ബി.ജെ.പി സഖ്യകക്ഷികളും കോൺഗ്രസും സി.പി.എമ്മും അടക്കമുള്ള പാർട്ടികളും ബില്ലിനെ ശക്തമായി എതിർത്തു. 1955ലെ പൗരത്വ നിയമത്തിൽ ഭേദഗതി വരുത്തിയാണ് ആഭ്യന്തര മന്ത്രി ബിൽ സഭയിൽ അവതരിപ്പിച്ചത്. 'അയൽരാജ്യങ്ങളിൽ നിന്ന് പീഡനംമൂലം പലായനം ചെയ്യേണ്ടിവന്ന മതന്യൂനപക്ഷങ്ങളായ ഹിന്ദു, സിഖ് ബുദ്ധ, ജൈന, പാർസി, ക്രിസ്ത്യൻ വിഭാഗങ്ങളിൽ പെട്ടവർക്ക് അഭയം നൽകുകയാണ് നിയമത്തിന്റെ ലക്ഷ്യം' എന്നാണ് ആഭ്യന്തര മന്ത്രിയുടെ ന്യായീകരണം. 2014 ഡിസംബർ 31നു മുമ്പ് രാജ്യത്ത് ഉള്ളവരാണ് നിയമത്തിന്റെ പരിധിയിൽ വരിക. 12 വർഷം എന്നതിനുപകരം ആറുവർഷം ഒരു രേഖകളും ഇല്ലാതെ താമസിച്ചവരെയും നിയമ പരിധിയിൽ ഉൾപ്പെടുത്തും.

1955ലെ പൗരത്വ നിയമപ്രകാരം രാജ്യത്ത് ജനിക്കുന്നവരും ഇന്ത്യക്കാരായ മാതാപിതാക്കൾക്ക് ജനിക്കുന്നവരും 11 വർഷം രാജ്യത്ത് സ്ഥിരതാമസമാക്കിയ വിദേശികളും ഇന്ത്യൻ പൗരത്വത്തിന് അർഹരാണ്. ഈ നിയമത്തിന്റെ 2(1)ബി സെക്ഷനിൽ അനധികൃത കുടിയേറ്റക്കാരെ നിർവചിച്ചിരിക്കുന്നത് 'നിയമ സാധുതയുള്ള പാസ്പോർട്ടോ മതിയായ യാത്രാരേഖകളോ ഇല്ലാതെയും പാസ്പോർട്ടും യാത്രാരേഖകളും അനുവദിക്കുന്ന സമയപരിധി കഴിഞ്ഞിട്ടും രാജ്യത്ത് തങ്ങുന്നവരും അനധികൃത കുടിയേറ്റക്കാരായിരിക്കും' എന്നാണ്. ഇവരെ ശിക്ഷിക്കാനും നാടുകടത്താനും നിയമം അനുശാസിക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ വരുത്തിയ ഭേദഗതി അനുസരിച്ച് അനധികൃത കുടിയേറ്റക്കാരുടെ കാര്യത്തിൽ ഇളവ് അനുവദിച്ചിരിക്കുകയാണ്. ബംഗ്ലാദേശ്, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിലെ ന്യൂനപക്ഷമായ ഹിന്ദുക്കൾ, സിക്കുകാർ, ബുദ്ധമതക്കാർ, ജൈനർ, പാർസികൾ, ക്രൈസ്തവർ എന്നിവർക്കുള്ള ഇന്ത്യൻ പൗരത്വത്തിന്റെ വ്യവസ്ഥകളിലാണ് ഇളവുകൾ അനുവദിച്ചിരിക്കുന്നത്. കൂടാതെ 11 വർഷം രാജ്യത്ത് സ്ഥിരതാമസമാക്കിയാൽ മാത്രം ലഭിക്കുന്ന പൗരത്വം ഇവരുടെ കാര്യത്തിൽ ആറുവർഷമായി കുറക്കാനും നിർദേശിക്കുന്നു. 2015 സെപ്റ്റംബറിൽ വരുത്തിയ ഭേദഗതി പ്രകാരം 2014 ഡിസംബർ 31ന് മുമ്പ് ഇന്ത്യയിലെത്തിയ ഇത്തരക്കാരായ അനധികൃത കുടിയേറ്റക്കാരെ ശിക്ഷിക്കുന്നതും നാടുകടത്തുന്നതും വിലക്കിയിരുന്നു. എന്നാൽ ബംഗ്ലാദേശ്, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളിലെ മുസ്‌ലിംകൾക്ക് ഈ ഇളവുകൾ ലഭിക്കില്ല!

അനധികൃത കുടിയേറ്റത്തിന്റെ കെടുതികൾ ഏറെ അനുഭവിക്കുന്ന സംസ്ഥാനമാണ് ആസാം. അതിനാൽ തന്നെ പൗരത്വ ഭേദഗതിക്കെതിരെ ഏറ്റവും കൂടുതൽ എതിർപ്പ് ഉയർന്നുകൊണ്ടിരിക്കുന്നതും ആസാമിൽ നിന്നാണ്. പൗരത്വ നിയമത്തിൽ ഇപ്പോൾ വരുത്തിയ ഭേദഗതി ആസാമിൽ വലിയ പ്രത്യാഘാതം ഉണ്ടാക്കും എന്നാണ് പ്രക്ഷോഭത്തിന് നേതൃത്വം കൊടുക്കുന്ന സംഘടനകൾ പറയുന്നത്. ഇന്ത്യ ഒരു ഹിന്ദു രാഷ്ട്രമാണെന്നും അയൽരാജ്യങ്ങളിൽ പീഡനമനുഭവിക്കുന്ന ഹൈന്ദവർക്ക് അഭയം നൽകേണ്ട കടമ രാജ്യത്തുണ്ടെന്നുമാണ് ആർ.എസ്.എസിനെ നിലപാട്!

സർക്കാർ ഇപ്പോൾ നടത്തിയ പൗരത്വ ഭേദഗതി രാജ്യത്തിന്റെ മതേതരത്വത്തിന് കടുത്ത വെല്ലുവിളി ഉയർത്തുമെന്ന് പലരും ചൂണ്ടിക്കാണിക്കുന്നു. അനധികൃത കുടിയേറ്റക്കാരായ മുസ്‌ലിംകളെ മാത്രം ഒറ്റപ്പെടുത്താനുള്ള നീക്കം വലിയ പ്രത്യാഘാതമുണ്ടാക്കുമെന്നും ഇവർ വിലയിരുത്തുന്നു. പുതിയ ഭേദഗതിയോടെ ആറുവർഷമായ അനധികൃത ഹിന്ദു കുടിയേറ്റക്കാർ സംരക്ഷിക്കപ്പെടുകയും കാൽനൂറ്റാണ്ടായ അനധികൃത മുസ്‌ലിം കുടിയേറ്റക്കാർ ശിക്ഷിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയാണുണ്ടാവുക. നീതിയും നിഷ്പക്ഷതയും പുലർത്തേണ്ട ഭരണകൂടം തന്നെ വിഭാഗീയതയ്ക്ക് വളംവെക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നത് നാടിന്റെ നാശത്തിന് ആക്കംകൂട്ടുമെന്നതിൽ സംശയമില്ല. ●

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com






# പരസ്യപ്രബോധനം

സത്യം തുറന്നു പ്രഖ്യാപിക്കുവാൻ അല്ലാഹു നബിﷺയോട് കൽപിച്ചു. എന്തൊരു ലക്ഷ്യത്തിനുവേണ്ടിയാണോ നിയോഗിക്കപ്പെട്ടിട്ടുള്ളത് അത് ജനങ്ങൾക്ക് മുമ്പിൽ വിളിച്ചു പറയുവാനുള്ള അല്ലാഹുവിന്റെ കൽപന. മൂന്നുവർഷത്തോളം രഹസ്യമായി പ്രബോധനം നിർവഹിച്ചതിനു ശേഷമായിരുന്നു അല്ലാഹുവിന്റെ ഈ കൽപന. ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് അല്ലാഹു ഇറക്കിയ വചനങ്ങൾ കാണുക:

“നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തി കൊടുക്കുകയും ചെയ്യുക. ഇനി അവർ നിന്നെ അനുസരിക്കാതിരിക്കുന്ന പക്ഷം, നിങ്ങൾ പ്രവർത്തിക്കുന്നതിനൊന്നും ഞാൻ ഉത്തരവാദിയല്ലെന്ന് നീ പറഞ്ഞേക്കുക” (അശ്ശുഅറാഅ്: 214-216).



ശേഷം അല്ലാഹു ഈ വചനങ്ങൾ അവതരിപ്പിച്ചു: "അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ച് കൊള്ളുക. ബഹുദൈവവാദികളിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക. പരിഹാസക്കാരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ തീർച്ചയായും നാം മതിയായിരിക്കുന്നു" (അൽഹിജ്ർ: 94,95).

ഇതോടെ അല്ലാഹുവിന്റെ കൽപന നടപ്പിലാക്കുവാൻ നബിﷺ ആരംഭിച്ചു. തന്റെ കുടുംബക്കാരെയും അടുത്തവരായ ആളുകളെയും ഒരുമിച്ച് കൂട്ടലായിരുന്നു നബിﷺ ആദ്യം ചെയ്ത പ്രവർത്തനം. ഏതാണ്ട് നാനൂറോ അതിൽ കൂടുതലോ ആളുകൾ ഒരുമിച്ചുകൂടുകയുണ്ടായി. അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചു. അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പും അവർക്ക് നൽകി.

അബൂഹുറയ്റ(റ)യിൽ നിന്നും നിവേദനം: അദ്ദേഹം പറയുന്നു: "സൂറതുശ്ശുഅറാഇലെ 214ാമത്തെ വചനം അവതരിച്ചപ്പോൾ നബിﷺ ക്വുറൈശികളെ ക്ഷണിച്ചു. അവരെ ഒരുമിച്ചുകൂട്ടി. പ്രത്യേകമായും പൊതുവായും നബിﷺ അവരെ ക്ഷണിച്ചു:

"അല്ലയോ കഅ്ബ് ഗോത്രമേ, നിങ്ങളുടെ ശരീരങ്ങളെ നരകത്തിൽ നിന്നും കാത്തുകൊള്ളുക. അല്ലയോ മുർറതുബ്നു കഅ്ബിന്റ മക്കളേ, നിങ്ങളുടെ ശരീരങ്ങളെ നരകത്തിൽ നിന്നും കാത്തുകൊള്ളുക. അല്ലയോ അബ്ദുശ്ശംസിന്റെ മക്കളേ, നിങ്ങളുടെ ശരീരങ്ങളെ നരകത്തിൽ നിന്നും നിങ്ങൾ കാത്തുകൊള്ളുക. അല്ലയോ ഹാശിമിന്റെ മക്കളേ, നിങ്ങളുടെ ശരീരത്തെ നരകത്തിൽ നിന്നും നിങ്ങൾ കാത്തുകൊള്ളുക. അല്ലയോ അബ്ദുൽ മുത്ത്വലിബിന്റെ മക്കളേ, നിങ്ങളുടെ ശരീരങ്ങളെ നരകത്തിൽ നിന്നും നിങ്ങൾ കാത്തുകൊള്ളുക. ഫാത്തിമാ, നിന്റെ ശരീരത്തെ നരകത്തിൽ നിന്ന് നീ കാത്തുകൊള്ളുക. നിങ്ങളുടെ കാര്യത്തിൽ അല്ലാഹുവിന്റെ മുമ്പിൽ ഒന്നും തന്നെ ഞാൻ ഉടമപ്പെടുത്തുന്നില്ല. എന്നാൽ ഞാനും നിങ്ങളും തമ്മിൽ കുടുംബ ബന്ധമുണ്ട്. അതു ഞാൻ പുലർത്തുന്നതുമാണ്" (ബുഖാരി: 4771. മുസ്ലിം: 204).

ഇബ്നു അബ്ബാസ്(റ) പറയുന്നു: "അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക എന്ന ആയത്ത് അവതരിച്ചപ്പോൾ നബിﷺ സ്വഫയുടെ മുകളിൽ കയറി ഇപ്രകാരം വിളിച്ചു പറഞ്ഞു: 'അപകടം നിറഞ്ഞ പ്രഭാതമേ!' അപ്പോൾ മക്കക്കാർ ചോദിച്ചു: 'ആരാണിത്?' അങ്ങനെ അവരെല്ലാവരും ഒരുമിച്ചുകൂടി. അപ്പോൾ നബിﷺ ചോദിച്ചു: 'ഈ മലയുടെ പുറകിൽ നിന്നും ഒരു സൈന്യം നിങ്ങളെ ആക്രമിക്കാൻ വരുന്നു എന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ എന്നെ വിശ്വസിക്കുമോ?' അവർ പറഞ്ഞു: 'താങ്കളുടെ കാര്യത്തിൽ ഞങ്ങൾക്ക് കളവ് പരിചയമില്ല.' അപ്പോൾ നബിﷺ പറഞ്ഞു: 'എങ്കിൽ കഠിനമായ ഒരു ശിക്ഷയെക്കുറിച്ചുള്ള മുന്നറിയിപ്പുകാരനാകുന്നു ഞാൻ.'

ഈ സന്ദർഭത്തിൽ അബൂലഹബ് പറഞ്ഞു: 'നിനക്ക് നാശം! ഇതിനു വേണ്ടിയാണോ നീ ഞങ്ങളെ ഒരുമിച്ച് കൂട്ടിയത്?' എന്നിട്ട് അയാൾ എഴുന്നേറ്റു പോയി. അപ്പോൾ അല്ലാഹു ഇപ്രകാരം അവതരിപ്പിച്ചു: 'അബൂലഹബിന്റെ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവന്റെ ധനമോ അവൻ സമ്പാദിച്ചുവെച്ചതോ അവന് ഉപകാരപ്പെട്ടില്ല. തീജ്വാലകളുള്ള നരകാഗ്നിയിൽ അ



**നബിﷺ തന്റെ കുടുംബക്കാരെയും ബന്ധുക്കളെയും ഒരുമിച്ചുകൂട്ടി. അവർക്ക് ഭക്ഷണം ഉണ്ടാക്കിക്കൊടുത്തു. അങ്ങനെ അവർ കുടിക്കുകയും തിന്നുകയും ചെയ്തു. ശേഷം അവരോടായി പ്രസംഗിക്കുകയും അവരെ ദീനിലേക്ക് ക്ഷണിക്കുകയും ചെയ്തു. തന്റെ പിതൃവ്യനായ അബൂത്വാലിബ് തന്നെ സംരക്ഷിക്കും എന്ന കാര്യം നബിﷺക്ക് ഉറപ്പായപ്പോൾ അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കാനുള്ള പുതിയ മാർഗത്തെക്കുറിച്ച് ആലോചിച്ചു. ഒരു ദിവസം നബിﷺ സ്വഫാ കുന്നിൽ കയറി തന്റെ ജനതയെ അല്ലാഹുവിലേക്ക് ക്ഷണിച്ചു. അദ്ദേഹം സർവ മനുഷ്യരിലേക്കും നിയോഗിക്കപ്പെട്ട നബിയാണെങ്കിലും ആദ്യമായി തന്റെ കുടുംബത്തെ ഇസ്ലാമിലേക്ക് ക്ഷണിക്കുകയാണ്.**

വൻ പ്രവേശിക്കുന്നതാണ്. വിറകുചുമട്ടുകാരിയായ അവന്റെ ഭാര്യയും. അവളുടെ കഴുത്തിൽ ഈന്തപ്പനനാരുകൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും'(സൂറത്തുല്ലഹബ്)" (ബുഖാരി 4971, മുസ്‌ലിം 208)

ഇതിനുശേഷം നബിﷺ തന്റെ കുടുംബക്കാരെയും ബന്ധുക്കളെയും ഒരുതവണ കൂടി ഒരുമിച്ചുകൂട്ടി. അവർക്ക് ഭക്ഷണം ഉണ്ടാക്കിക്കൊടുത്തു. അങ്ങനെ അവർ കുടിക്കുകയും തിന്നുകയും ചെയ്തു. ശേഷം അവരോടായി പ്രസംഗിക്കുകയും അവരെ ദീനിലേക്ക് ക്ഷണിക്കുകയും ചെയ്തു. തന്റെ പിതൃവ്യനായ അബൂത്വാലിബ് തന്നെ സംരക്ഷിക്കും എന്ന കാര്യം നബിﷺക്ക് ഉറപ്പായപ്പോൾ അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കാനുള്ള പുതിയ മാർഗത്തെക്കുറിച്ച് ആലോചിച്ചു. ഒരു ദിവസം നബിﷺ സ്വഫാ കുന്നിൽ കയറി തന്റെ ജനതയെ അല്ലാഹുവിലേക്ക് ക്ഷണിച്ചു. തന്റെ കുടുംബത്തെയാണ് ആദ്യം ക്ഷണിച്ചത്. അദ്ദേഹം സർവ മനുഷ്യരിലേക്കും നിയോഗിക്കപ്പെട്ട നബിയാണെങ്കിലും ആദ്യമായി തന്റെ കുടുംബത്തെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുകയാണ്. ഒരു പ്രബോധകന്റെ ഉത്തരവാദിത്തവും പ്രബോധനത്തിലെ മുൻഗണനാക്രമവും നബിﷺയിലൂടെ അല്ലാഹു പഠിപ്പിക്കുകയാണ്. സ്വന്തം കുടുംബത്തെയും അടുത്തവരെയുമാണ് ഒരു പ്രബോധകൻ ആദ്യമായി ക്ഷണിക്കേണ്ടത്. നബിﷺയുടെ പ്രബോധനത്തിന്റെ ഒന്നാമത്തെ ഘട്ടത്തിൽ തന്നെ അബൂലഹബ് കാണിച്ച ശത്രുതയിലൂടെ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്; പ്രബോധനം എന്നു പറയുന്നത് കുടുംബത്തിന്റെയോ വർഗത്തിന്റെയോ പേരിലുള്ള ക്ഷണമല്ല. നേരെമറിച്ച് അല്ലാഹുവിന്റെ മതത്തെ അല്ലാഹുവും റസൂലും പഠിപ്പിച്ച രൂപത്തിൽ മാനവരിലേക്ക് എത്തിച്ചുകൊടുക്കുക എന്ന മഹത്തായ ദൗത്യനിർവഹണമാണത്. അല്ലാഹു പറയുന്നു:

"പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾ നേർമാർഗം പ്രാപിക്കാം" (അൽഅഅ്റാഫ്: 158).

ക്വുറൈശികളായ സത്യനിഷേധികളെ ഇസ്‌ലാമിലേക്ക് നബിﷺ ക്ഷണിച്ചുകൊണ്ടിരുന്നു. അവരുടെ



**സമൂഹത്തിൽ വലിയ സ്ഥാനമുള്ള ആളായിരുന്നു നബിﷺ. വിശ്വാസ്യതയിലും സത്യസന്ധതയിലും അവിടുന്ന് പ്രസിദ്ധനായിരുന്നു. ഉത്തമ സ്വഭാവഗുണങ്ങളാൽ എല്ലാവരും നബിﷺയെ ഇഷ്ടപ്പെട്ടിരുന്നു. പക്ഷേ, പ്രബോധനം പരസ്യമാക്കിയപ്പോൾ മക്കക്കാർക്ക് ഇഷ്ടമല്ലാത്തതാണ് നബിയിൽ നിന്നും മക്കക്കാർക്ക് കേൾക്കേണ്ടി വന്നത്. അടുത്ത ബന്ധമുള്ള ആളുകൾപോലും പ്രവാചകനെ കയ്യൊഴിയുന്ന അവസ്ഥയുണ്ടായി. അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്ന വിഷയത്തിലായതിനാൽ ഇതെല്ലാം അദ്ദേഹത്തിന് നിസ്സാരമായിരുന്നു. ഈ ദൗത്യം തന്നെ ഏൽപിച്ച അല്ലാഹു തന്റെ കൂടെയുണ്ട് എന്നും സന്ദേശം ജനങ്ങൾക്ക് എത്തിച്ചു കൊടുക്കേണ്ട ബാധ്യത മാത്രമെ തനിക്ക് ഉള്ളൂവെന്നും ആ വിഷയത്തിൽ താൻ അങ്ങേയറ്റം ക്ഷമിക്കേണ്ടവനാണ് എന്നും നബിﷺ കൃത്യമായി മനസ്സിലാക്കി.**

**ഖുറൈശികളായ സത്യനിഷേധികളെ ഇസ്‌ലാമിലേക്ക് നബിﷺ ക്ഷണിച്ചുകൊണ്ടിരുന്നു. അവരുടെ സന്മാർഗത്തിനു വേണ്ടി നിരന്തരം പ്രാർഥിച്ചുകൊണ്ടിരുന്നു. അല്ലാഹുവാണ് നബിﷺയെ സംരക്ഷിക്കുന്നവനും സഹായിക്കുന്നവനും. പരിഹസിക്കുന്നവരിൽ നിന്നും ശത്രുക്കളിൽ നിന്നും തന്റെ സഹായവും സംരക്ഷണവും ഉണ്ടായിക്കൊണ്ടിരിക്കും എന്നുള്ള സമാധാനത്തിന്റെ വാക്കുകളും അല്ലാഹു നബിﷺയെ കേൾപ്പിച്ചു കൊണ്ടിരുന്നു.**



സന്മാർഗത്തിനു വേണ്ടി നിരന്തരം പ്രാർഥിച്ചുകൊണ്ടിരുന്നു. അല്ലാഹുവാണ് നബിﷺയെ സംരക്ഷിക്കുന്നവനും സഹായിക്കുന്നവനും. പരിഹസിക്കുന്നവരിൽ നിന്നും ശത്രുക്കളിൽ നിന്നും തന്റെ സഹായവും സംരക്ഷണവും ഉണ്ടായിക്കൊണ്ടിരിക്കും എന്നുള്ള സമാധാനത്തിന്റെ വാക്കുകളും അല്ലാഹു നബിﷺയെ കേൾപ്പിച്ചു കൊണ്ടിരുന്നു.

"അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ അത് ഉറക്കെ പ്രഖ്യാപിച്ച് കൊള്ളുക. ബഹുദൈവവാദികളിൽ നിന്ന് തിരിഞ്ഞുകളയുകയും ചെയ്യുക. പരിഹാസക്കാരിൽ നിന്ന് നിന്നെ സംരക്ഷിക്കാൻ തീർച്ചയായും നാം മതിയായിരിക്കുന്നു" (അൽഹിജ്ർ: 94,95).

ഞാൻ പ്രബോധനം ചെയ്യുന്നത് അല്ലാഹു നൽകിയിട്ടുള്ള യാഥാർഥ്യമാണ് എന്ന് ഉറപ്പുള്ളതിനാലും തന്റെ സമൂഹത്തോടുള്ള ശക്തമായ സ്നേഹത്താലും ആ സമൂഹം ഈ പരിശുദ്ധ ദീനിനോട് എതിർപ്പ് കാണിച്ചപ്പോൾ നബിയുടെ മനസ്സ് വല്ലാതെ പ്രയാസപ്പെട്ടു പോയി. ഈ സന്ദർഭത്തിൽ അല്ലാഹു പ്രവാചകനോട് പറഞ്ഞു:

"അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നിമിത്തം നിനക്ക് മനഃപ്രയാസം അനുഭവപ്പെടുന്നുണ്ട് എന്ന് തീർച്ചയായും നാം അറിയുന്നുണ്ട്. ആകയാൽ നിന്റെ രക്ഷിതാവിനെ സ്തുതിച്ചുകൊണ്ട് നീ സ്തോത്രകീർത്തനം നടത്തുകയും, നീ സുജൂദ് ചെയ്യുന്നവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുക. ഉറപ്പായ കാര്യം (മരണം) നിനക്ക് വന്നെത്തുന്നത് വരെ നീ നിന്റെ രക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക" (അൽഹിജ്ർ: 97-99).

സമൂഹത്തിൽ വലിയ സ്ഥാനമുള്ള ആളായിരുന്നു നബിﷺ. വിശ്വാസ്യതയിലും സത്യസന്ധതയിലും അവിടുന്ന് പ്രസിദ്ധനായിരുന്നു. ഉത്തമ സ്വഭാവഗുണങ്ങളാൽ എല്ലാവരും നബിﷺയെ ഇഷ്ടപ്പെട്ടിരുന്നു. പക്ഷേ, പ്രബോധനം പരസ്യമാക്കിയപ്പോൾ മക്കക്കാർക്ക് ഇഷ്ടമല്ലാത്തതാണ് നബിയിൽ നിന്നും മക്കക്കാർക്ക് കേൾക്കേണ്ടി വന്നത്. അടുത്ത ബന്ധമുള്ള ആളുകൾപോലും പ്രവാചകനെ കയ്യൊഴിയുന്ന അവസ്ഥയുണ്ടായി. അല്ലാഹുവിന്റെ സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്ന വിഷയത്തിലായതിനാൽ ഇതെല്ലാം അദ്ദേഹത്തിന് നിസ്സാരമായിരുന്നു. ഈ ദൗത്യം തന്നെ ഏൽപിച്ച അല്ലാഹു തന്റെ കൂടെയുണ്ട് എന്നും സന്ദേശം ജനങ്ങൾക്ക് എത്തിച്ചുകൊടുക്കേണ്ട ബാധ്യത മാത്രമെ തനിക്ക് ഉള്ളൂവെന്നും ആ വിഷയത്തിൽ താൻ അങ്ങേയറ്റം ക്ഷമിക്കേണ്ടവനാണ് എന്നും നബിﷺ കൃത്യമായി മനസ്സിലാക്കി. അല്ലാഹു പറയുന്നു:

"നീ ക്ഷമിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമാണ് നിനക്ക് ക്ഷമിക്കാൻ കഴിയുന്നത്.അവരുടെ (സത്യനിഷേധികളുടെ) പേരിൽ നീ വ്യസനിക്കരുത്. അവർ കുതന്ത്രം പ്രയോഗിക്കുന്നതിനെപ്പറ്റി നീ മനഃക്ലേശത്തിലാവുകയും അരുത്. തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു; സദ്‌വൃത്തരായിട്ടുള്ളവരോടൊപ്പവും" (അന്നഹ്ൽ: 127,128). ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com





# ഭൗതികവാദികളും ക്വുർആനിന്റെ പുനർവായനയും


**കാലോചിതമായ വായനക്ക് ഇസ്‌ലാമിക പ്രമാണങ്ങളും അന്യമല്ല എന്ന രീതിയിലുള്ള ചർച്ചകൾ കേരളത്തിൽ കേൾക്കാൻ തുടങ്ങിയിട്ട് കാലം കുറച്ചായി. ആസ്വാദനപ്രധാനമായ രചനകളെ മാത്രം വിശകലനം ചെയ്ത് പരിചയമുള്ള നവോത്ഥാനനാട്യക്കാരാണ് ഇതിന് മുൻപന്തിയിലുള്ളത്. സ്രഷ്ടാവിന്റെ നിർദേശങ്ങൾ അനുസരിക്കുന്നതിൽ സൃഷ്ടികളുടെ മസ്തിഷ്കത്തെ കൂടി പരിഗണിക്കേണ്ടതുണ്ടോ? ദൈവികവചനങ്ങൾ മനുഷ്യബുദ്ധിക്കനുസരിച്ച് വ്യാഖ്യാനിക്കുന്നതിലെ സാംഗത്യമെന്ത്?**

ഇസ്‌ലാമിനെ അല്ലെങ്കിൽ ക്വുർആനിനെ പുനർവായനക്ക് വിധേയമാക്കണമെന്നും കാലോചിതമായ പരിഷ്കരണം ഇസ്‌ലാമിക നിയമങ്ങളിൽ നടപ്പിലാക്കമെന്നുമൊക്കെ ഇടയ്ക്കിടെ ചില ബുദ്ധിജീവി നാട്യക്കാർ പ്രസ്താവിക്കാറുണ്ട്. ആ പ്രസ്താവനകൾ പ്രത്യേകിച്ചും ശ്രദ്ധിക്കപ്പെടും; നവോത്ഥാന ചർച്ചകൾ കൊടുമ്പിരി കൊള്ളുന്ന വർത്തമാന കാലത്ത് പ്രത്യേകിച്ചും. എന്താണ് ഇസ്‌ലാം, എന്താണ് ക്വുർആൻ എന്ന് കൃത്യമായി മനസ്സിലാക്കിയവർക്ക് ഈ വാദത്തിന്റെ അപ്രസക്തി ബോധ്യപ്പെടാതിരിക്കില്ല. എം.ടിയുടെ 'നാലുകെട്ടി'നെ അല്ലെങ്കിൽ അഴീക്കോടിന്റെ 'തത്ത്വമസി'യെ അതുമല്ലെങ്കിൽ തകഴിയുടെ 'കയറി'നെ പുനർവായിക്കണമെന്നു പറയുന്ന ലാഘവത്തോടെയാണ് ചില ബുദ്ധിജീവി നാട്യക്കാർ ഇസ്‌ലാമിനെ അല്ലെങ്കിൽ ക്വുർആനിനെ പുനർവായിക്കണമെന്നു പറഞ്ഞുകൊണ്ടിരിക്കുന്നത്.

വിശുദ്ധ ക്വുർആൻ തകഴിയുടെ നോവൽ പോലെയുള്ള ഒരു ഗ്രന്ഥമല്ല. ഇസ്‌ലാം മാർക്സിന്റെയും എംഗൽസിന്റെയും കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ പോലുള്ള ഒരു മാനിഫെസ്റ്റോയുമല്ല. എങ്കിൽ പുനർവായനയും വേണ്ടിവന്നാൽ പൊളിച്ചെഴുത്തുമൊക്കെ നടത്താമായിരുന്നു. എന്നാൽ ഇസ്‌ലാം പ്രപഞ്ച സ്രഷ്ടാവിന്റെ മതമാണ്. വിശുദ്ധ ക്വുർആൻ ആ സ്രഷ്ടാവിന്റെ വചനങ്ങളും. ഇക്കാര്യം ആത്മാർഥമായി അംഗീകരിക്കുന്ന ഒരാൾക്കും ഇതിനെയൊക്കെ കാലത്തതിനനുസരിച്ച് വളച്ചും വിളക്കിയും ഒടിച്ചും മുറിച്ചും നേരെ പിടിച്ചും തലകുത്തനെ പിടിച്ചും കാലാനുസൃതമായി രൂപം മാറ്റുവാനും വായിക്കുവാനും ആവശ്യപ്പെടാൻ കഴിയില്ല. അപ്രായോഗികവും അർഥശൂന്യവുമാണ് ഈ പുനർവായനാവാദം. ആരാണീ പുനർവായന നടത്തേണ്ടത്? അതിന്റെ ദൈവികതയിൽ ഒട്ടും വിശ്വാസമില്ലാത്ത 'ദേശീയ മുസ്‌ലിം' എന്ന 'ഉന്നത സോപാന'ത്തിലിരിക്കുന്നവരോ? ഇസ്‌ലാമിക പണ്ഡിതന്മാരോ? ഒറ്റയ്ക്കൊറ്റയ്ക്കാണോ പുനർവായിക്കേണ്ടത് അഥവാ പുനർവ്യാഖ്യാനിക്കേണ്ടത്? അതോ കൂട്ടമായിട്ടോ? ഇതിനൊരുമ്പെട്ടാൽ ഇസ്‌ലാമിന്റെയും ക്വുർആനിന്റെയും എന്ത് അടയാളമാണ് ഭൂമുഖത്ത് ബാക്കിയുണ്ടാവുക?

ഇസ്‌ലാമിന് നിശ്ചിതമായ പ്രമാണങ്ങളുണ്ട്. ക്വുർആൻ വ്യാഖ്യാനത്തിന് കൃത്യമായ ചില മാനദണ്ഡങ്ങളുമുണ്ട്. ക്വുർആനിലെ ഒരു പദത്തിനോ സൂക്തത്തിനോ ക്വുർആനികാശയങ്ങൾക്ക് വിരുദ്ധമായ അർഥവും വ്യാഖ്യാനവും എത്ര വലിയ പണ്ഡിതൻ നൽകിയാലും അത് മുസ്‌ലിംകളാൽ തന്നെ ചോദ്യം ചെയ്യപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യാറുണ്ട് എന്നത് അനിഷേധ്യമാണ്. ആയിരത്തി നാനൂറ് വർഷം മുമ്പ് അവതരിച്ച ഒരു ഗ്രന്ഥം ഇന്ന് അതേ രൂപത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ, അതിലെ കൽപനാനിർദേശങ്ങൾ അന്നത്തെയാളുകൾ മനസ്സിലാക്കി പ്രാവർത്തികമാക്കിയതുപോലെ ഇന്നത്തെയാളുകളും പ്രാവർത്തികമാക്കുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നത് ആ ഗ്രന്ഥത്തിന്റെ ദൈവികതയും പ്രായോഗികതയുമാണ്.

അറേബ്യയിലെ സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ചല്ല പ്രവാചകൻﷺ ക്വുർആൻ വ്യാഖ്യാനിച്ചുകൊടുത്തത്; സ്രഷ്ടാവ് അറിയിച്ചുകൊടുത്തതനുസരിച്ചാണ്. കാലത്തിനും സാഹചര്യങ്ങൾക്കുമനുസരിച്ച് പലരും പലതും മനസ്സിലാക്കുന്നത് സ്വാഭാവികം. മൊബൈൽ ഫോണിനെക്കുറിച്ച് ക്വുർആനിൽ പറഞ്ഞിട്ടില്ല എന്നത് ക്വുർആനിന്റെ ദൈവികതയെ ചോദ്യം ചെയ്യാൻ മുസ്‌ലിം നാമധാരിയായ ഒരു ഭൗതികവാദി ആയുധമാക്കിയത് ഓർമവരുന്നു. ആറാം നൂറ്റാണ്ടിലെ പടച്ചവൻ തന്നെയാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പടച്ചവൻ. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യൻ മൊബൈൽ കണ്ടുപിടിക്കുമെന്ന അറിവ് സർവജ്ഞനായ അവന് ഇല്ലാതിരിക്കുകയുമില്ല. എന്നാൽ അതിനെക്കുറിച്ച് പറഞ്ഞില്ല എന്നതിലാണ് ക്വുർആനിന്റെ മഹത്ത്വം. കാരണം ക്വുർആൻ അന്ത്യനാൾ വരെയുള്ള മാനവരാശിക്കുള്ളതാണ്. ഏതാനും ദശകങ്ങൾ കഴിഞ്ഞാൽ അല്ലെങ്കിൽ അടുത്ത നൂറ്റാണ്ടിൽ മൊബൈൽ ഫോൺ ഉണ്ടാകുമെന്നതിന് എന്താണുറപ്പ്? മൊബൈൽ എന്നല്ല എല്ലാ ആധുനിക ഉൽപന്നങ്ങളും മാറിക്കൊണ്ടേയിരിക്കുന്നു. ഒന്ന് മറ്റൊന്നിന് വഴിമാറിക്കൊണ്ടേയിരിക്കുന്നു. അപ്പോൾ ഇതിൽ ഏതിനെക്കുറിച്ചാണ് ക്വുർആനിൽ പറയുക? അന്ത്യനാൾവരെയുള്ള മുഴുവൻ കണ്ടുപിടുത്തങ്ങളെക്കിറിച്ചും പറയേണ്ടിവരില്ലേ? ഇനി ഇരുപതാം നൂറ്റാണ്ടിൽ മൊബൈൽ ഫോൺ എന്ന സാധനം കണ്ടുപിടിക്കും എന്ന് ക്വുർആനിൽ പരാമർശമുണ്ടായി എന്നു



**ഇസ്‌ലാമിന് നിശ്ചിതമായ പ്രമാണങ്ങളുണ്ട്. ക്വുർആൻ വ്യാഖ്യാനത്തിന് കൃത്യമായ ചില മാനദണ്ഡങ്ങളുമുണ്ട്. ക്വുർആനിലെ ഒരു പദത്തിനോ സൂക്തത്തിനോ ക്വുർആനികാശയങ്ങൾക്ക് വിരുദ്ധമായ അർഥവും വ്യാഖ്യാനവും എത്ര വലിയ പണ്ഡിതൻ നൽകിയാലും അത് മുസ്‌ലിംകളാൽ തന്നെ ചോദ്യം ചെയ്യപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്യാറുണ്ട് എന്നത് അനിഷേധ്യമാണ്. ആയിരത്തി നാനൂറ് വർഷം മുമ്പ് അവതരിച്ച ഒരു ഗ്രന്ഥം ഇന്ന് അതേ രൂപത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ, അതിലെ കൽപനാനിർദേശങ്ങൾ അന്നത്തെയാളുകൾ മനസ്സിലാക്കി പ്രാവർത്തികമാക്കിയതുപോലെ ഇന്നത്തെയാളുകളും പ്രാവർത്തികമാക്കുന്നുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കുന്നത് ആ ഗ്രന്ഥത്തിന്റെ ദൈവികതയും പ്രായോഗികതയുമാണ്.**

സങ്കൽപിക്കുക. അടുത്ത നൂറ്റാണ്ടിൽ അല്ലെങ്കിൽ അതിനടുത്ത നൂറ്റാണ്ടിൽ മൊബൈൽ അപ്രത്യക്ഷമാകുന്നു. മൊബൈൽ ഫോൺ കണ്ടുപിടിക്കുമെന്നും പിന്നീട് അത് ഇല്ലാതായി മാറുമെന്നും എന്തുകൊണ്ട് പ്രവചിച്ചില്ല എന്നായിരിക്കില്ലേ അടുത്ത ചോദ്യം? പുനർവായനാവാദികൾക്ക് മൊബൈലിനെ പുനർവായിക്കണം എന്നു പറയാനുള്ള സൗകര്യമുണ്ടാകുമെന്നു മാത്രം!

**അരുവികളും സ്വർഗവും**

'ക്വുർആനിൽ പറയുന്ന സ്വർഗത്തെ സംബന്ധിച്ചുള്ള സങ്കൽപം പോലും ആയിരത്തിനാനൂറ് വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന അറേബ്യൻ സമൂഹത്തിന് മനസ്സിലാക്കാൻ പറ്റുന്ന വിധത്തിലുള്ളതാണ്. അന്നത്തെ ജനതക്ക് ആവശ്യമെന്ന് അന്ന് ജീവിച്ചിരുന്ന ആളുകൾ കണ്ടിരുന്ന കാര്യങ്ങളാണ് അതിൽ പറയുന്നത്. സ്വർഗത്തിൽ അരുവികളുണ്ട്, പൂങ്കാവനങ്ങളുണ്ട്, അതുപോലുള്ള ഒരുപാട് സൗഭാഗ്യങ്ങളുണ്ട്. ഒരു മരുഭൂമിയിൽ ജീവിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ കാമ്യമായിട്ടുള്ള ഒരുപാട് കാര്യങ്ങൾ സ്വർഗത്തിലുണ്ട്'- ഇതും ഒരു ഭൗതികവാദിയുടെ ആരോപണമാണ്.

സത്യത്തിൽ ചിന്തിക്കാതെയുള്ള ഒരു കാടടച്ച് വെടിവെക്കലാണിത്. പണ്ടുമുതലേ പലരും ഉന്നയിച്ച ആരോപണം! പുഴകൾ, പൂങ്കാവനങ്ങൾ, പച്ചിലക്കാടുകൾ... ഇവയെല്ലാം എപ്പോഴും കൺനിറയെ കാണുവാനും ആസ്വദിക്കുവാനും മരുഭൂവാസികൾക്ക് കഴിയില്ല. അതുകൊണ്ടുതന്നെ അവർക്കിതെല്ലാം കാമ്യമാണ്. ശരിയാണ്. എന്നാൽ പുഴകളും തോടുകളും കടലും കായലുകളും കാടുകളും പൂങ്കാവനങ്ങളുമെല്ലാമുള്ള കേരളക്കാർക്കോ? ഇവിടെ ഇതെല്ലാമുള്ളതുകൊണ്ട് നമുക്ക് കാമ്യമായത് മരുഭൂമിയാണോ?

നമ്മുടെ നാട്ടിൽ നിന്ന് വിദ്യാർഥികൾ വിനോദയാത്ര പോകുന്നു. നവദമ്പതികൾ മധുവിധുയാത്ര പോകുന്നു. കുടുംബാംഗങ്ങൾ ഉല്ലാസയാത്ര പുറപ്പെടുന്നു. എങ്ങോട്ടാണ് പോകാറുള്ളത്? സൗദി അറേബ്യയിലെ മരുഭൂമിയിലേക്കോ? രാജസ്ഥാനിലെ മണൽക്കാടുകളിലേക്കോ? മരുഭൂവാസികൾക്ക് പുഴയും പൂക്കളുമാണ് കാമ്യമെങ്കിൽ പുഴയും പൂക്കളുമുള്ള നാട്ടിൽ ജീവിക്കുന്ന നമുക്ക് താൽപര്യമുണ്ടാകേണ്ടത് മരുഭൂമിയോടാണല്ലോ! എന്നാൽ നമ്മുടെ ടൂറെല്ലാം ജലാശയങ്ങളും പൂങ്കാവനങ്ങളും കാടുകളും കാണാനല്ലേ? സഹാറ മരുഭൂമിയിലേക്കല്ല ബാംഗ്ലൂരിലെയും മൈസൂരിലെയും പൂങ്കാവനങ്ങളിലേക്കാണ് നമ്മുടെ കണ്ണ്. നമ്മുടെ നാട്ടിൽ കായലിനരികത്തോ പുഴവക്കത്തോ മലിനജലമൊഴുകുന്ന കൃത്രിമ തോടുകളുടെ വക്കിനോ പോലും ഉയരുന്ന പല ഫ്ളാറ്റുകളുടെയും പരസ്യത്തിലെ പ്രധാന വാചകം 'ഗ്രേറ്റ് വാട്ടർ ഫ്രണ്ട് ലൈഫ്' എന്നാണ്. പുഴകളും കായലും കടലുമെല്ലാം കണ്ട് മതിയായവരായിട്ടും ഒരു നീരുറവയ്ക്കു സമീപമുള്ള ഫ്ളാറ്റിലെ ജീവിതത്തെ 'മഹത്തായത്' എന്നു വിശേഷിപ്പിച്ച് ആകർഷിപ്പിക്കുന്നതെന്തിനാണ്? ആറാം നൂറ്റാണ്ടിലെ അറബികൾക്കു മാത്രമാണോ പുഴയോടും പൂക്കളോടും താൽപര്യം?

**അനന്തരസ്വത്തും സ്ത്രീയും**

പുനർവായനാവാദികളുടെ മറ്റൊരു ആരോപണം ഇങ്ങനെയാണ്: "അനന്തരസ്വത്തിൽ യാതൊന്നും നൽകപ്പെടാതിരുന്ന ഒരു സമൂഹത്തിൽ സ്ത്രീകൾക്കും അവകാശം നൽകണമെന്ന് പ്രവാചകൻ, അല്ലെങ്കിൽ ക്വുർആൻ പറയുന്നു. പക്ഷേ, ഇന്ന് അത്രമതി എന്നു പറയുന്നത് ശരിയല്ല. അവിടെയാണ് ഒരു പുനർവായന ആവശ്യമായിത്തീരുന്നത്. അന്ന് പുരുഷന് കിട്ടുന്നതന്റെ പകുതി സ്ത്രീകൾക്ക് കിട്ടണമെന്ന് പറഞ്ഞുവെങ്കിൽ ഇന്ന് നമ്മൾ എങ്ങനെയാണതിനെ കാണേണ്ടത്? ഇന്നത്തെ കാലത്ത് പുരുഷന്മാർക്ക് കിട്ടുന്നിന്റെ പകുതി തന്നെ കൊടുത്താൽ മതിയോ? അല്ലെങ്കിൽ ക്വുർആനും പ്രവാചകനും മുന്നോട്ടു വെക്കുന്ന വീക്ഷണം സാമൂഹിക

**ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മനുഷ്യൻ മൊബൈൽ കണ്ടുപിടിക്കുമെന്ന അറിവ് സർവജ്ഞനായ അവന് ഇല്ലാതിരിക്കുകയുമില്ല. എന്നാൽ അതിനെക്കുറിച്ച് പറഞ്ഞില്ല എന്നതിലാണ് ക്വുർആനിന്റെ മഹത്ത്വം. കാരണം ക്വുർആൻ അന്ത്യനാൾ വരെയുള്ള മാനവരാശിക്കുള്ളതാണ്. ഏതാനും ദശകങ്ങൾ കഴിഞ്ഞാൽ അല്ലെങ്കിൽ അടുത്ത നൂറ്റാണ്ടിൽ മൊബൈൽ ഫോൺ ഉണ്ടാകുമെന്നതിന് എന്താണുറപ്പ്? ഇനി ഇരുപതാം നൂറ്റാണ്ടിൽ മൊബൈൽ ഫോൺ എന്ന സാധനം കണ്ടുപിടിക്കും എന്ന് ക്വുർആനിൽ പരാമർശമുണ്ടായി എന്നു സങ്കൽപിക്കുക. അടുത്ത നൂറ്റാണ്ടിൽ അല്ലെങ്കിൽ അതിനടുത്ത നൂറ്റാണ്ടിൽ മൊബൈൽ അപ്രത്യക്ഷമാകുന്നു. മൊബൈൽ ഫോൺ കണ്ടുപിടിക്കുമെന്നും പിന്നീട് അത് ഇല്ലാതായി മാറുമെന്നും എന്തുകൊണ്ട് പ്രവചിച്ചില്ല എന്നായിരിക്കില്ലേ അടുത്ത ചോദ്യം?**

നീതിയാണെന്നു മനസ്സിലാക്കിയിട്ട് ഈ അനന്തര സ്വത്തവകാശത്തിൽ സ്ത്രീപുരുഷ സമത്വം അംഗീകരിക്കുകയാണ് ചെയ്യേണ്ടത്.”

ഇവർ പുനർവായന കൊണ്ട് ഉദ്ദേശിക്കുന്നത് പൊളിച്ചെടുക്കലോ പൊളിച്ചടുക്കലോ ആണെന്ന് വ്യക്തം. സാമൂഹ്യനീതി എന്ന തുലാസിലിട്ട് തൂക്കമൊപ്പിക്കാൻ അല്ലാഹുവിന്റെയും പ്രവാചകന്റെയും കൃത്യമായ നിർദേശങ്ങളെ നിരാകരിക്കുന്നതിനോട് വിശ്വാസികൾക്കെന്തായാലും യോജിക്കാൻ കഴിയില്ല. നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ മുഴുവൻ കാര്യങ്ങളെയും ഈ രൂപത്തിൽ വേണമെങ്കിൽ സാമൂഹ്യനീതി എന്നു പറഞ്ഞുകൊണ്ട് പാടെ നിഷേധിക്കുകയോ അവയുടെ അന്തസ്സത്ത നഷ്ടപ്പെടുത്തുന്ന രൂപത്തിൽ പുനർവായിക്കുകയോ ചെയ്യാമല്ലോ! ഓരോരുത്തരും അവരവരുടെ ജീവിത പശ്ചാത്തലത്തിനനുസരിച്ച് ക്വുർആനിനെ വ്യാഖ്യാനിച്ചാലുണ്ടാകുന്ന ഭവിഷ്യത്ത് ഭയാനകമായിരിക്കുമെന്നതിൽ സംശയമില്ല.

ഇസ്‌ലാമിന് ഒരു അവസാന വ്യാഖ്യാനം മുഹമ്മദ് നബിﷺ നൽകിയിട്ടുണ്ട്. അതിനെ അവലംബിക്കുകയാണെങ്കിൽ സാമൂഹ്യനീതി പുലരുകയേയുള്ളൂ; തകരുകയല്ല ചെയ്യുക. ഇസ്‌ലാമിനെ പ്രമാണബദ്ധമായി പഠിച്ചാൽ അതിലൊരാൾക്കും പുരുഷ പക്ഷ വ്യാഖ്യാനം കണ്ടെത്തുവാൻ കഴിയില്ല. ഇസ്‌ലാം സ്ത്രീപക്ഷത്തിന്റെയൊ പുരുഷ പക്ഷത്തിന്റെയോ മതമല്ല. മനുഷ്യപക്ഷത്തിന്റെ മതമാണ്. ഏതെങ്കിലും ഒരു പക്ഷത്തിന്റെ നിറമുള്ള കണ്ണടവെച്ച് ഇസ്‌ലാമിനെ വായിച്ചാലും മറ്റെന്തിനെ വായിച്ചാലും ആ കണ്ണടയുടെ നിറമുള്ള വായനാനുഭവമാണുണ്ടാവുക എന്നു മാത്രം. ആ കണ്ണട ഒഴിവാക്കിയാൽ സത്യം ഗ്രഹിക്കാം.

സ്ത്രീക്ക് പുരുഷനു കിട്ടുന്നതിന്റെ പകുതി കിട്ടുന്നതാണ് സാമൂഹ്യനീതി എന്നും അനന്തര സ്വത്തവകാശത്തിലെ സ്ത്രീപുരുഷ സമത്വം അനീതിയാണെന്നും മനസ്സിലാക്കാൻ അത്രവലിയ ബുദ്ധിയൊന്നും വേണ്ട.

സത്യത്തിൽ, സ്ത്രീകൾക്ക് അനന്തരസ്വത്ത് നൽകുവാൻ ആഹ്വാനം ചെയ്യുന്ന ഏക മതഗ്രന്ഥമാണ് ക്വുർആൻ. പരിഷ്‌കൃതമെന്നു വിശേഷിപ്പിക്കപ്പെടുന്ന പല രാജ്യങ്ങളും ഇരുപതാം നൂറ്റാണ്ടിൽ മാത്രമാണ് സ്ത്രീക്ക് അനന്തര സ്വത്തിൽ അവകാശം നൽകിയത്. ക്വുർആനാകട്ടെ ഏഴാം നൂറ്റാണ്ടിൽതന്നെ അസന്ദിഗ്ധമായി പ്രഖ്യാപിച്ചു: “മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സ്വത്തിൽ സ്ത്രീകൾക്കും അവകാശമുണ്ട്”(4:7).

ബൈബിൾ പുതിയ നിയമത്തിലാകട്ടെ ദായക്രമത്തെക്കുറിച്ച് പുതിയ നിയമങ്ങളൊന്നുംതന്നെ കാണാൻ കഴിയുന്നില്ല. ക്രൈസ്തവസഭ പൊതുവെ ഇക്കാര്യത്തിൽ പഴയ നിയമത്തിലെ കൽപനകൾ അനുസരിക്കുകയായിരുന്നു ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ ക്രൈസ്തവ ഭൂരിപക്ഷ പ്രദേശങ്ങളിൽ ഈ അടുത്ത കാലംവരെ അനന്തരാവകാശം മാത്രമല്ല, സ്വത്തു സമ്പാദിക്കുവാൻ വരെ സ്ത്രീകൾക്ക് അവകാശം നൽകപ്പെട്ടിരുന്നില്ല. സ്വന്തം പേരിൽ സ്വത്ത് സമ്പാദിക്കാൻ ന്യൂയോർക്കിലെ സ്ത്രീകളെ അനുവദിക്കുന്നത് 1848ലാണ്. 1850ലാണ് അമേരിക്കയിലെ എല്ലാ സംസ്ഥാനങ്ങളിലും സ്ത്രീകൾക്ക് അനന്തരാവകാശം നൽകുന്ന നിയമം പ്രാബല്യത്തിലായത്.

**ഇസ്‌ലാമിനെ പ്രമാണബദ്ധമായി പഠിച്ചാൽ അതിലൊരാൾക്കും പുരുഷ പക്ഷ വ്യാഖ്യാനം കണ്ടെത്തുവാൻ കഴിയില്ല. ഇസ്‌ലാം സ്ത്രീപക്ഷത്തിന്റെയൊ പുരുഷ പക്ഷത്തിന്റെയോ മതമല്ല. മനുഷ്യപക്ഷത്തിന്റെ മതമാണ്. ഏതെങ്കിലും ഒരു പക്ഷത്തിന്റെ നിറമുള്ള കണ്ണട വെച്ച് ഇസ്‌ലാമിനെ വായിച്ചാലും മറ്റെന്തിനെ വായിച്ചാലും ആ കണ്ണടയുടെ നിറമുള്ള വായനാനുഭവമാണുണ്ടാവുക എന്നു മാത്രം. ആ കണ്ണട ഒഴിവാക്കിയാൽ സത്യം ഗ്രഹിക്കാം**

പുരുഷന്റെ സ്വകാര്യസ്വത്തായി സ്ത്രീയെ കണക്കാക്കുകയും അതുപ്രകാരമുള്ള നിയമങ്ങളാവിഷ്‌കരിക്കുകയും ചെയ്യുന്ന ഹൈന്ദവഗ്രന്ഥങ്ങൾ അവളെ അനന്തര സ്വത്തിൽ പങ്കാളിയാക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുപോലുമില്ല. ഭർത്താവിനു ദാനം ചെയ്യാനും വിൽക്കാനും ഉപയോഗിക്കുവാനുമെല്ലാം അവകാശമുള്ള സ്വകാര്യ സ്വത്താണ് ഭാര്യ എന്നാണ് ഇതിഹാസ കഥകൾ വായിച്ചാൽ നമുക്ക് ബോധ്യപ്പെടുക. അതിഥി പൂജക്കുവേണ്ടി സ്വന്തം ഭാര്യയെ നൽകുന്ന സുദർശനനും (മഹാഭാരതം അനുശാസനപർവം) ഭാര്യയെ വസിഷ്ഠന് നൽകുന്ന മിത്രസഹനും (ശാന്തിപർവം) നൽകുന്ന സൂചനയിതാണ്. പിതാവിന്റെ സ്വത്തിൽ പെൺമക്കൾക്ക് അവകാശമുള്ളതായി സൂചിപ്പിക്കുന്ന വചനങ്ങളൊന്നും ഹിന്ദുമതഗ്രന്ഥങ്ങളിൽ കാണാൻ കഴിയില്ല. പുത്രന്മാരാണ് അനന്തര സ്വത്തിൽ അവകാശികളായിട്ടുള്ളവരെന്നാണ് മനുസ്മൃതിയുടെ നിയമം.

മാതാപിതാക്കളുടെ സ്വത്തിൽ പുത്രന്മാർക്കും പുത്രിമാർക്കുമുള്ള അവകാശം ക്വുർആൻ അംഗീകരിക്കുന്നു. പുത്രന്മാർക്കും പുത്രിമാർക്കും മാത്രമല്ല, മാതാപിതാക്കൾക്കും ഭാര്യാഭർത്താക്കന്മാർക്കും സഹോദരീസഹോദരന്മാർക്കുമെല്ലാം മരണപ്പെട്ടയാളുടെ സ്വത്തിലുള്ള അവകാശം എത്രയാണെന്നും എങ്ങനെയാണെന്നുമെല്ലാം ക്വുർആൻ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഇതിന്റെ ഭാഗം മാത്രമാണ് പുത്രന്റെയും പുത്രിയുടെയും അവകാശം. അനന്തരാവകാശത്തെക്കുറിച്ച് വിശദമായി വിവരിക്കുന്ന ക്വുർആൻ സൂക്തങ്ങളുടെ (4:11,12) തുടക്കം ഇങ്ങനെയാണ്: "നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിർദേശം നൽകുന്നു. ആണിന് രണ്ട് പെണ്ണിന്റെതിന് തുല്യമായ ഓഹരിയാണുള്ളത്" (4:11). മരിച്ചയാളുടെ പുത്രന് പുത്രിക്കു ലഭിക്കുന്നതിന്റെ ഇരട്ടി സ്വത്ത് അനന്തരമായി ലഭിക്കുമെന്ന് സാരം.

ഇത് സ്ത്രീകളോടുള്ള അവഗണനയാണോ? പുരുഷ പക്ഷപാതം പ്രകടിപ്പിക്കുന്ന നിയമമാണോ? വിധി പറയുന്നതിനുമുമ്പ് താഴെ പറയുന്ന വസ്തുതകൾ മനസ്സിലാക്കുക:

ഒന്ന്: സ്ത്രീക്ക് സ്വത്ത് സമ്പാദിക്കുവാനുള്ള അവകാശം ക്വുർആൻ അംഗീകരിക്കുന്നു. എത്ര വേണമെങ്കിലും സമ്പാദിക്കാം. പ്രസ്തുത സമ്പാദ്യത്തിൽ പുരുഷന് യാതൊരു അവകാശവുമില്ല. അവളുടെ സമ്പാദ്യം അവളുടേതു മാത്രമാണ്.

രണ്ട്: സ്ത്രീയുടെയോ കുട്ടികളുടെയോ മാതാപിതാക്കളുടെയോ സംരക്ഷണത്തിനുള്ള ഉത്തരവാദിത്തം ഒരു പരിതസ്ഥിതിയിലും സ്ത്രീയുടെ ബാധ്യതയായിത്തീരുന്നില്ല.

മൂന്ന്: വിവാഹാവസരത്തിൽ വരനിൽനിന്ന് വിവാഹമൂല്യം നേടിയെടുക്കുവാൻ സ്ത്രീക്ക് അവകാശമുണ്ട്. പ്രസ്തുത വിവാഹമൂല്യം (മഹ്ർ) അവളുടെ സമ്പത്തായാണ് ഗണിക്കപ്പെടുന്നത്.

നാല്: കുടുംബത്തിന്റെ സംരക്ഷണം പുരുഷന്റെ ബാധ്യതയാണ്. ഭാര്യയുടെയും കുട്ടികളുടെയും ചെലവുകൾ വഹിക്കാൻ പുരുഷൻ ബാധ്യസ്ഥനാണ്. മാതാപിതാക്കളെയും അടുത്ത ബന്ധുക്കളെയും സംരക്ഷിക്കേണ്ട ബാധ്യതയും പുരുഷന്റെതു തന്നെ. എല്ലാവിധ സാമ്പത്തിക ബാധ്യതയും പുരുഷനാണുള്ളതെന്നർഥം.

അഞ്ച്: ഭാര്യ എത്രതന്നെ വലിയ പണക്കാരിയാണെങ്കിലും അവളുടെ സ്വത്തിൽനിന്ന് അവളുടെ അനുവാദമില്ലാതെ ഒന്നും എടുത്തുപയോഗിക്കുവാൻ ഭർത്താവിന് അവകാശമില്ല.

ഇനി പറയൂ, സ്ത്രീയോട് നീതി പുലർത്തുകയാണോ അതല്ല വിവേചനം കാണിക്കുകയാണോ എന്താണ് ക്വുർആൻ ചെയ്തിട്ടുള്ളത്?

സ്ത്രീക്ക് ലഭിക്കുന്ന അനന്തരസ്വത്ത് അവളുടേത് മാത്രമാണ്. മറ്റാർക്കും അതിൽ യാതൊരു പങ്കുമില്ല. പുരുഷന് ലഭിക്കുന്നതോ? അവൻ വിവാഹമൂല്യം നൽകണം, സ്ത്രീയുടെ സംരക്ഷണം ഏറ്റെടുക്കണം, അവൾക്കും കുട്ടികൾക്കുമുള്ള ചെലവുകൾ വഹിക്കണം. എല്ലാം പുരുഷന്റെ ഉത്തരവാദിത്തം. അപ്പോൾ സ്ത്രീയെയാണോ പുരുഷനെയാണോ ക്വുർആൻ കൂടുതൽ പരിഗണിച്ചിരിക്കുന്നത്?

സാമ്പത്തിക ബാധ്യതകൾ പുരുഷനിൽ നിക്ഷിപ്തമാക്കുന്ന മറ്റു മതഗ്രന്ഥങ്ങളെല്ലാം പ്രസ്തുത ബാധ്യതകൾക്കു പകരമായി അനന്തരാവകാശം പുരുഷനിൽ പരിമിതപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ക്വുർആനാകട്ടെ എല്ലാ സാമ്പത്തിക ബാധ്യതകളും പുരുഷനാണെന്ന് പഠിപ്പിക്കുന്നതോടൊപ്പം തന്നെ സ്ത്രീക്ക് അനന്തരാവകാശം നൽകുകയും ചെയ്യുന്നു. പുരുഷന്റെ പകുതി അനന്തരസ്വത്ത് നൽകിക്കൊണ്ട് അത് അവളെ ബഹുമാനിക്കുകയാണ് ചെയ്തിരിക്കുന്നത്.

ക്വുർആനിന്റെതല്ലാത്ത ഏത് നിർദേശമാണ് ഈ രംഗത്ത് പുനർവായനക്കാരുടെ കൈവശമുള്ളത്? രണ്ട് നിർദേശങ്ങൾ ഉന്നയിക്കപ്പെടാം.

1. സ്ത്രീക്ക് പുരുഷന്റെ ഇരട്ടി സ്വത്ത് നൽകുക. സാമ്പത്തിക ബാധ്യതകൾ സ്ത്രീയിൽ നിക്ഷിപ്തമാക്കുക.

2. സ്ത്രീക്കും പുരുഷനും സ്വത്തിൽ തുല്യാവകാശം നൽകുക. സാമ്പത്തിക ബാധ്യതകൾ തുല്യമായി വീതിച്ചെടുക്കുക.

ഈ രണ്ട് നിർദേശങ്ങളിലും സാമ്പത്തിക ബാധ്യതകൾ സ്ത്രീയിൽ കെട്ടിയേൽപിക്കുകയാണ് ചെയ്യുന്നത്. സ്ത്രൈണപ്രകൃതിക്ക് വിരുദ്ധമായ ഒരു ആശയമാണിത്. ഗർഭകാലത്തും പ്രസവകാലത്തുമെല്ലാം പുരുഷന്റെ പരിരക്ഷയും സഹായവുമാണ് അവൾ കാംക്ഷിക്കുന്നത്. സാമ്പത്തിക ബാധ്യതകൾ ഒരു നിയമമെന്ന നിലയിൽ സ്ത്രീയുടെ ചുമലിൽ വെക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കു കാരണമാകും. അതുകൊണ്ട് സ്ത്രീക്ക് ഏറ്റവും അനുഗുണമായ നിയമംതന്നെയാണ് സ്വത്തവകാശത്തിന്റെ വിഷയത്തിൽ ക്വുർആൻ മുന്നോട്ടുവെച്ചിരിക്കുന്നത്. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം






അധ്യായം: 78

# നബഅ് (വൃത്താന്തം)

മക്കയിൽ അവതരിച്ചത്

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ
عَمَّ يَتَسَآءَلُونَ ﴿١﴾ عَنِ ٱلنَّبَإِ ٱلۡعَظِيمِ ﴿٢﴾ ٱلَّذِي
هُمۡ فِيهِ مُخۡتَلِفُونَ ﴿٣﴾ كَلَّا سَيَعۡلَمُونَ ﴿٤﴾ ثُمَّ كَلَّا
سَيَعۡلَمُونَ ﴿٥﴾

1. എന്തിനെപ്പറ്റിയാണ് അവർ പരസ്പരം ചോദിച്ചുകൊണ്ടിരിക്കുന്നത്?
2. ആ മഹത്തായ വൃത്താന്തത്തെപ്പറ്റി.
3. അവർ ഏതൊരു കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിലായിക്കൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റി.
4. നിസ്സംശയം; അവർ വഴിയെ അറിഞ്ഞുകൊള്ളും.
5. വീണ്ടും നിസ്സംശയം; അവർ വഴിയെ അറിഞ്ഞുകൊള്ളും.

6. ഭൂമിയെ നാം ഒരു വിരിപ്പാക്കിയില്ലേ?
7. പർവതങ്ങളെ ആണികളാക്കുകയും (ചെയ്തില്ലേ?).
8. നിങ്ങളെ നാം ഇണകളായി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു.
9. നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമമാക്കുകയും ചെയ്തിരിക്കുന്നു.
10. രാത്രിയെ നാം ഒരു വസ്ത്രമാക്കുകയും
11. പകലിനെ നാം ജീവസന്ധാരണ വേളയാക്കുകയും ചെയ്തിരിക്കുന്നു.
12. നിങ്ങൾക്ക് മീതെ ബലിഷ്ഠമായ ഏഴു ആകാശങ്ങൾ നാം നിർമിക്കുകയും
13. കത്തിജ്വലിക്കുന്ന ഒരു വിളക്ക് നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു.
14. കാർമേഘങ്ങളിൽ നിന്ന് കുത്തിഒഴുകുന്ന വെള്ളം നാം ഇറക്കുകയും ചെയ്തു.
15. അതുമുഖേന ധാന്യവും സസ്യവും നാം പുറത്തു കൊണ്ടുവരാൻ വേണ്ടി;
16. ഇടതൂർന്ന തോട്ടങ്ങളും.
17. തീർച്ചയായും തീരുമാനത്തിന്റെ ദിവസം സമയം നിർണയിക്കപ്പെട്ടതായിരിക്കുന്നു.
18. അതായത് കാഹളത്തിൽ ഊതപ്പെടുകയും നിങ്ങൾ കൂട്ടംകൂട്ടമായി വന്നെത്തുകയും ചെയ്യുന്ന ദിവസം.
19. ആകാശം തുറക്കപ്പെടുകയും എന്നിട്ടത് പല കവാടങ്ങളായി തീരുകയും ചെയ്യും.
20. പർവതങ്ങൾ സഞ്ചരിപ്പിക്കപ്പെടുകയും അങ്ങനെ അവ മരീചിക പോലെ ആയിത്തീരുകയും ചെയ്യും.
21. തീർച്ചയായും നരകം കാത്തിരിക്കുന്ന സ്ഥലമാകുന്നു.
22. അതിക്രമകാരികൾക്ക് മടങ്ങിച്ചെല്ലാനുള്ള സ്ഥലം.
23. അവരതിൽ കാലങ്ങളോളം താമസിക്കുന്നവരായിരിക്കും.

أَلَمْ نَجْعَلِ ٱلْأَرْضَ مِهَٰدًا ﴿٦﴾
وَٱلْجِبَالَ أَوْتَادًا ﴿٧﴾ وَخَلَقْنَٰكُمْ أَزْوَٰجًا ﴿٨﴾
وَجَعَلْنَا نَوْمَكُمْ سُبَاتًا ﴿٩﴾ وَجَعَلْنَا ٱلَّيْلَ لِبَاسًا
﴿١٠﴾ وَجَعَلْنَا ٱلنَّهَارَ مَعَاشًا ﴿١١﴾ وَبَنَيْنَا فَوْقَكُمْ
سَبْعًا شِدَادًا ﴿١٢﴾ وَجَعَلْنَا سِرَاجًا وَهَّاجًا ﴿١٣﴾
وَأَنزَلْنَا مِنَ ٱلْمُعْصِرَٰتِ مَآءً ثَجَّاجًا ﴿١٤﴾ لِّنُخْرِجَ
بِهِۦ حَبًّا وَنَبَاتًا ﴿١٥﴾ وَجَنَّٰتٍ أَلْفَافًا ﴿١٦﴾ إِنَّ يَوْمَ
ٱلْفَصْلِ كَانَ مِيقَٰتًا ﴿١٧﴾ يَوْمَ يُنفَخُ فِى ٱلصُّورِ
فَتَأْتُونَ أَفْوَاجًا ﴿١٨﴾ وَفُتِحَتِ ٱلسَّمَآءُ فَكَانَتْ أَبْوَٰبًا
﴿١٩﴾ وَسُيِّرَتِ ٱلْجِبَالُ فَكَانَتْ سَرَابًا ﴿٢٠﴾ إِنَّ
جَهَنَّمَ كَانَتْ مِرْصَادًا ﴿٢١﴾ لِّلطَّٰغِينَ مَـَٔابًا ﴿٢٢﴾
لَّٰبِثِينَ فِيهَآ أَحْقَابًا ﴿٢٣﴾

(1-3) അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെ കളവാക്കുന്നവർ എന്തിനെപ്പറ്റിയാണ് പസ്പരം ചോദിച്ചുകൊണ്ടിരിക്കുന്നത്? തുടർന്ന് അവർ പരസ്പരം ചോദിക്കുന്ന കാര്യം അല്ലാഹു തന്നെ വ്യക്തമാക്കുന്നു. (അവർ ഏതൊരു കാര്യത്തിൽ അഭിപ്രായ വ്യത്യാസത്തിലായിക്കൊണ്ടിരിക്കുന്നുവോ ആ മഹത്തായ വൃത്താന്തത്തെപ്പറ്റി). അവർ ദീർഘമായി തർക്കിക്കുകയും അസംഭവ്യമായി കാണുകയും കളവാക്കുകയും ചെയ്യുന്ന നിലയിൽ അഭിപ്രായ വ്യത്യാസങ്ങൾ പ്രചരിക്കുകയും ചെയ്ത വാർത്ത. ആ വാർത്തയാകട്ടെ, സംശയിക്കേണ്ടാത്തതും സന്ദേഹത്തിനിടയില്ലാത്തതുമാണ്. എന്നാൽ അല്ലാഹുവിനെ കണ്ടുമുട്ടുമെന്നത് നിഷേധിക്കുന്നവർ വിശ്വസിക്കാത്തവരാണ്. എത്രതന്നെ

ദൃഷ്ടാന്തങ്ങൾ കണ്ടാലും ശിക്ഷയെ നേരിൽ കാണുന്നതുവരെയും അവിശ്വാസം അവർ തുടർന്നു കൊണ്ടിരിക്കുന്നു.

(4-5). അതാണ് പറയുന്നത് (നിസ്സംശയം അവർ വഴിയെ അറിഞ്ഞുകൊള്ളും. വീണ്ടും നിസ്സംശയം അവർ വഴിയെ അറിഞ്ഞുകൊള്ളും). ശിക്ഷയിറങ്ങുമ്പോൾ അവർക്ക് മനസ്സിലാകും. ശിക്ഷയിലേക്ക് ശക്തമായി തള്ളിവിടുമ്പോൾ അവർ കളവാക്കിയത് അവർക്ക് മനസ്സിലാകും. അവരോട് പറയപ്പെടും:

هَٰذِهِ ٱلنَّارُ ٱلَّتِي كُنتُم بِهَا تُكَذِّبُونَ

"ഇതത്രെ നിങ്ങൾ നിഷേധിച്ചുകളഞ്ഞിരുന്ന നരകം" (52:14).

തുടർന്ന് പ്രവാചകന്മാർ കൊണ്ടുവന്നതിനെ സ്ഥാപിക്കുന്ന തെളിവും അതിലുള്ള അനുഗ്രഹങ്ങളെയും പരാമർശിക്കുന്നു. (ഭൂമിയെ ഒരു വിരിപ്പാക്കിയില്ലേ) എന്ന് തുടങ്ങി (ഇടതൂർന്ന തോട്ടങ്ങളും) എന്നതുവരെ.

(6) മഹത്തായ അനുഗ്രഹങ്ങൾ നാം നിങ്ങൾക്കു നൽകി. അങ്ങനെ നിങ്ങൾക്ക് (ഭൂമിയെ സൗകര്യപ്രദമാക്കിയില്ലേ?) വഴികളും താമസസ്ഥലങ്ങളും കൃഷിഭൂമികളുമായി നിങ്ങളുടെ നന്മകൾക്ക് ഉപകരിക്കുന്നവിധത്തിൽ ഭൂമിയെ സൗകര്യപ്രദവും കീഴ്പെടുത്തപ്പെട്ടതുമാക്കി.

(7). (പർവതങ്ങളെ ആണികളും ആക്കിയില്ലേ?) നിങ്ങളെക്കൊണ്ട് ഭൂമി ഇളകുകയോ ചാഞ്ഞുപോവുകയോ ചെയ്യാതെ ഭൂമിയെ പിടിച്ചുനിർത്തുന്നു.

(8). (നിങ്ങളെ നാം ഇണകളാക്കി സൃഷ്ടിക്കുകയും ചെയ്തിരിക്കുന്നു) ഒരേ വർഗത്തിൽ പെട്ട ആണും പെണ്ണുമായി. പരസ്പരം സമാധാനം കണ്ടെത്തുന്നതിനായി; അങ്ങനെ സ്നേഹവും കാരുണ്യവുമുണ്ടാകൻ. അവർ രണ്ടു പേരിൽ നിന്നും സന്താനങ്ങളുണ്ടാകാനും. വിവാഹിതന് ലഭിക്കുന്ന ആസ്വാദനങ്ങളും ഈ അനുഗ്രഹത്തിൽ ഉൾപ്പെടുത്താം.

(9-10) (നിങ്ങളുടെ ഉറക്കത്തെ നാം വിശ്രമമാക്കുകയും ചെയ്തിരിക്കുന്നു) നിങ്ങൾക്ക് വിശ്രമമായി നിങ്ങളുടെ ജോലിത്തിരക്കുകൾക്ക് ഒരു ഇടവേള. ജോലികൾ അതിരുവിടുമ്പോൾ, അത് നിങ്ങളുടെ ശരീരങ്ങൾക്ക് ദോഷകരമായിത്തീരുമ്പോൾ രാത്രിയും ഉറക്കവും അവരെ മൂടും. ദോഷകരമായ ചലനങ്ങൾ ശാന്തമാവുകയും പ്രയോജനകരമായ വിശ്രമം ലഭിക്കുകയും ചെയ്യുന്നു.

(12). (നിങ്ങൾക്കു മീതെ ബലിഷ്ഠമായ ഏഴു ആകാശങ്ങൾ നാം നിർമിക്കുകയും ചെയ്തു). അങ്ങേയറ്റം ശക്തവും ബലിഷ്ഠവുമായ ഏഴ് ആകാശങ്ങൾ. അല്ലാഹു അവന്റെ കഴിവിനാൽ അതിനെ പിടിച്ചു നിർത്തുകയും ഭൂമിക്ക് ഒരു മേൽക്കൂരയാക്കുകയും ചെയ്തു. അതിൽ ധാരാളം പ്രയോജനങ്ങളുണ്ട്. അതിലൊന്നായ സൂര്യനെക്കുറിച്ചാണ് തുടർന്ന് പറയുന്നത്.

(13). (കത്തിജ്വലിക്കുന്ന ഒരു വിളക്ക് നാം ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു) സൃഷ്ടികൾക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത വെളിച്ചമാകുന്ന അനുഗ്രഹത്തെ വിളക്കായിട്ടാണ് പറഞ്ഞത്. (وهَّاج) എന്ന് പറഞ്ഞത് പ്രയോജനങ്ങളും ഫലങ്ങളും നൽകുന്ന അതിന്റെ ചൂടിനെ ഉദ്ദേശിച്ചാണ്.

(14) (കാർമേഘങ്ങളിൽ നിന്ന് വെള്ളം നാം ഇറക്കുകയും ചെയ്തു) വളരെയധികം എന്നർഥം.


(15) (അതുമൂലം ധാന്യം നാം പുറത്തുകൊണ്ടുവരാൻ വേണ്ടി) ഗോതമ്പ്, ബാർളി, ചോളം, നെല്ല് തുടങ്ങി മനുഷ്യൻ ഭക്ഷിക്കുന്നവ (സസ്യവും)യും നാൽക്കാലികൾക്ക് ഭക്ഷണമായ മറ്റു ചെടികളും ഇതിൽ ഉൾപ്പെടുന്നു.

(16).(ഇടതൂർന്ന തോട്ടങ്ങളും) രുചികരമായ എല്ലാവിധ പഴങ്ങളുമുള്ള ഇടതിങ്ങിയ തോട്ടങ്ങൾ. എണ്ണിക്കണക്കാക്കാൻ പറ്റാത്ത ഈ മഹത്തായ അനുഗ്രഹങ്ങൾ തന്നവനെ നിങ്ങൾ നിഷേധിക്കുന്നത് എങ്ങനെയാണ്? ഉയിർത്തെഴുന്നേൽപ്, പുനരുത്ഥാനം തുടങ്ങി അവൻ അറിയിച്ചു തന്ന കാര്യങ്ങൾ  നിങ്ങളെങ്ങനെ കളവാക്കും? അവന്റെ അനുഗ്രഹങ്ങളെങ്ങനെ നിങ്ങൾ തെറ്റുകൾക്കും നിഷേധത്തിനും ഉപയോഗിക്കും?

(17-23). സത്യനിഷേധികൾ, പരസ്പരം ചോദിച്ചുകൊണ്ടിരിക്കുന്ന ധിക്കാരികൾ തള്ളുകയും അന്ത്യദിനത്തിൽ ഉണ്ടാകാൻ പോകുന്നതുമായ സംഭവങ്ങളാണ് തുടർന്ന് പറയുന്നത്. അതൊരു മഹത്തായ ദിവസമാണ്. (അല്ലാഹു അതിനെ സൃഷ്ടികൾക്ക് നിർണയിക്കപ്പെട്ടതാക്കി). അതായത് കാഹളത്തിൽ ഊതപ്പെടുകയും നിങ്ങൾ കൂട്ടംകൂട്ടമായി വന്നെത്തുകയും ചെയ്യുന്ന ദിവസം). കുട്ടികൾ നരച്ചുപോകുന്ന, ഹൃദയങ്ങൾ വിറച്ചുപോകുന്ന ദുരന്തങ്ങളും നാശങ്ങളും ഉണ്ടാകുന്ന ദിനം.

പർവതങ്ങൾ സഞ്ചരിക്കുകയും ചിതറപ്പെട്ട ധൂളികളെപ്പോലെ ആയിത്തീരുകയും ചെയ്യും. ആകാശങ്ങൾ പൊട്ടിപ്പിളർന്ന് കവാടങ്ങളായിത്തീരും. നീതിപൂർവമായ വിധി അത് അല്ലാഹു സൃഷ്ടികൾക്കിടയിൽ വിധിക്കും. അല്ലാഹു കാത്തുവെച്ച നരകം കത്തിക്കപ്പെടും. മടക്ക സ്ഥലമായി, സങ്കേതമായി അതിക്രമകാരികൾക്ക് അല്ലാഹു തയ്യാറാക്കിയതാണത്. യുഗാന്തരങ്ങളോളം അതിലവർ താമസിക്കും. (أحقاب) അഹ്ക്വാബ് എന്നതിന്റെ ഏകവചനം (حقب) ഹുക്ബ്. 80 വർഷത്തെ ദൈർഘ്യമാണ് അതിനുള്ളതെന്ന് (ഒരു ഹുക്ബിന്) വ്യാഖ്യാതാക്കൾ രേഖപ്പെടുത്തിയിട്ടുണ്ട്. ●

നിസാം
mail@nerpatham.com



# മൂത്രാശയക്കല്ല്: ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കല്ലിന്റെ സ്ഥാനം നിർണയിക്കാൻ അൾട്രാസൗണ്ട് സ്കാൻ ചെയ്യുന്നതാണ് ഏറ്റവും നല്ലത്. ഇതിലൂടെ കല്ലിനെ കുറിച്ചുള്ള വിവരങ്ങൾ അറിയാൻ കഴിയുന്നു. എന്നാൽ തീരെ ചെറിയ കല്ലുകൾ കണ്ടെത്താൻ അൾട്രാസൗണ്ടിലൂടെ കഴിഞ്ഞെന്നു വരില്ല. സി.ടി സ്കാൻ, എം. ആർ യൂറോഗ്രാം ഇവയിലൂടെ ഏതുതരം കല്ലിനെക്കുറിച്ചും വ്യക്തമായ വിവരം ലഭ്യമാകും. എന്നാൽ ഈ പരിശോധനയ്ക്ക് ചെലവു കൂടുതലായതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമെ ചെയ്യാറുള്ളൂ. സാധാരണ എക്സ്റേയിൽ ഒരുവിധം കല്ലുകൾ കണ്ടെത്താൻ കഴിയുമെങ്കിലും എല്ലാ കല്ലുകളും എക്സറേയിൽ തെളിഞ്ഞു കാണണമെന്നില്ല. മൂത്രപരിശോധനയിലൂടെ കല്ലുണ്ടാകാനുള്ള ഘടകങ്ങൾ ഉണ്ടോയെന്ന് മനസ്സിലാക്കാൻ കഴിയുന്നതാണ്. അണുബാധ ഉണ്ടെങ്കിലും മൂത്ര പരിശോധനയിലൂടെ അറിയാൻ കഴിയും.ഒരു ദിവസത്തെ മൂത്രം ശേഖരിച്ച് 24 മണിക്കൂർ നിരീക്ഷിച്ച് അതിൽ കാത്സ്യം ഓക്സലേറ്റ്, യൂറിക് ആസിഡ് എന്നിവയുടെ അമിത സാന്നിധ്യം ഉണ്ടോയെന്ന് മനസിലാക്കാവുന്നതാണ്. മൂത്രത്തിലൂടെ കല്ല് പുറത്തേക്കു വരികയാണെങ്കിൽ ആ കല്ല് വിശകലനം ചെയ്ത് എന്തുകൊണ്ടാണ് കല്ല് ഉണ്ടായതെന്ന് കണ്ടെത്തണം.

### ശസ്ത്രക്രിയ

എല്ലാ കല്ലുകളും ശസ്ത്രക്രിയ ചെയ്തു നീക്കേണ്ടതില്ല. വലിയ കല്ലുകൾ മൂത്രത്തിലൂടെ പോകുകയില്ല. അത് വൃക്കകളുടെ പ്രവർത്തനത്തെ ബാധിക്കാം. ഇതുമൂലം വേദന, മൂത്രതടസം, അ

ണുബാധ, രക്തസ്രാവം എന്നിവ ഉണ്ടാകാം. അത്തരം സാഹചര്യത്തിൽ കല്ലുകൾ വേഗത്തിൽ നീക്കം ചെയ്യേണ്ടിവരുന്നു. കല്ല് പൊടിച്ചു കളയാനുള്ള എക്സ്ട്രാകോർപോറിയൽ ഷോർട്ട് വേവ് ലിതോട്രിപ്സി അല്ലെങ്കിൽ ലേസർ ഉപയോഗിച്ച് കല്ലുകൾ പൊടിക്കുകയോ എൻഡോസ്കോപ്പിയുടെ സഹായത്തോടെ കല്ലു നീക്കം ചെയ്യുകയോ ചെയ്യുന്നു.

ഏതുതരം മൂത്രക്കല്ലായാലും കൃത്യമായ ചികിത്സയും പരിശോധനകളും ആവശ്യമാണ്. ലക്ഷണങ്ങൾ ഉണ്ടായാലും ഇല്ലെങ്കിലും വൃക്കയെ ബാധിക്കുന്ന ഏതുതരം കല്ലും നീക്കം ചെയ്യേണ്ടത് അത്യാവശ്യമാണ്.

മൂത്രത്തിലെ സിട്രേറ്റ് കാൽസ്യം കല്ലുകൾ ഉണ്ടാകുന്നത് തടയുന്നു. വയറിളക്കം റീനൽ ട്യൂബുലാർ അസിഡോസിസ്, ചില പ്രത്യേക മരുന്നുകൾ മുതലായവ മൂത്രത്തിൽ സിട്രേറ്റിന്റെ അളവ് കുറയ്ക്കുന്നു. ഇത്തരത്തിലുള്ള രോഗികൾ ഭക്ഷണത്തിൽ കൂടുതലായി പഴങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തണം. അതുപോലെ ശരീരത്തിലെ അമ്ളാംശം കൂട്ടുന്ന മാംസാഹാരം കുറയ്ക്കണം. മൂത്രത്തിലെ സിട്രേറ്റിന്റെ അളവ് കൂട്ടാൻ ധാരാളം ഓറഞ്ച് ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ മതി.

ഭക്ഷണത്തിലെ പ്യൂറിന്റെ അളവ് കൂട്ടുന്ന മാംസാഹാരം രക്തത്തിലെ യൂറിക് ആസിഡിന്റെ അളവ് കൂട്ടുന്നു. ഇത്തരത്തിലുള്ള രോഗികൾ മാംസാഹാരം പൂർണമായി ഉപേക്ഷിക്കുകയും സിട്രേറ്റ് അടങ്ങിയ പഴവർഗങ്ങൾ കൂടുതലായി കഴിക്കുകയും വേണം.

സിസ്റ്റിൽ കല്ലുകൾ ഉള്ള രോഗികൾ ഭക്ഷണത്തിലെ സോഡിയത്തിന്റെ അളവ് കുറക്കണം. മൂത്രത്തിലെ സിസ്റ്റിന്റെ അളവ് 250mg/c ആയി കുറയ്ക്കുവാൻ 4 ലിറ്ററോളം വെള്ളം കുടിക്കുവാൻ ശ്രദ്ധിക്കണം. അതുപോലെ മാംസാഹാരത്തിൽ നിന്നാണ് പ്രധാനമായും സിസ്റ്റിൽ കല്ലുകൾ ഉണ്ടാകുന്നത്. ഇത്തരം ഭക്ഷണത്തിൽ രോഗികൾ മാംസം ഉപേക്ഷിക്കുക.

ഇടവിട്ട് കാൽസ്യം കല്ലുകൾ ഉണ്ടാക്കുന്ന രോഗികളും മൂത്രത്തിൽ കാൽസ്യം കൂടുതലുള്ള രോഗികളും തയാസൈഡ് മരുന്നുകൾ ഡോക്ടറുടെ മേൽനോട്ടത്തിൽ ഉപയോഗിക്കുന്നത് ഫലപ്രദമാണ്. കാൽസ്യം ഓക്സലേറ്റ്, കാൽസ്യംഫോസ്ഫേറ്റ് കല്ലുകൾക്ക് തയാസൈഡ് മരുന്നുകൾ ഫലപ്രദമാണ്. ഇടവിട്ട് കല്ലുകൾ ഉണ്ടാകുന്നവർ, ഒരു വൃക്ക മാത്രമുള്ള രോഗികൾ, വളരെ വലിപ്പമുള്ളകല്ലുകൾ ഉള്ള രോഗികൾ മുതലായവർക്ക് ഇത്തരം മരുന്നുകൾ കൊടുക്കണം. പൊട്ടാസ്യം സിട്രേറ്റ് മരുന്നുകൾ ഇടവിട്ട് കല്ലുകൾ ഉണ്ടാകുന്ന രോഗികൾക്ക് കൊടുക്കുന്നത് നല്ലതാണ്. അതുപോലെ അലോപ്യൂരിനോൾ അടങ്ങിയ മരുന്നുകൾ കാൽസ്യം ഓക്സലേറ്റ് യൂറിക് ആസിഡ് കല്ലുകളുള്ള രോഗികൾക്ക് പ്രയോജനം ചെയ്യും.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

എല്ലാ കല്ലുകളും ശസ്ത്രക്രിയ ചെയ്തു പുറത്തു കളയേണ്ട ആവശ്യമില്ല. ചിലത് മരുന്നുകൾ നൽകി അലിയിച്ചു കളയാവുന്നതാണ്. കല്ലുവരാതിരിക്കാനുള്ള കരുതലുകളാണ് ഏറ്റവും പ്രധാനം. ഒരിക്കൽ കല്ലു വന്നിട്ടുള്ളവർ കൂടുതൽ ശ്രദ്ധിക്കണം.

ദിവസവും ധാരാളം വെള്ളം കുടിക്കുക. 22.5 ലിറ്റർ മൂത്രം പുറത്തുപോകാനുള്ള അളവിന് വെള്ളം കുടിക്കുന്നതാണ് എത്ര ഗ്ലാസ് വെള്ളം കുടിക്കണം എന്നതിനേക്കാൾ മുഖ്യം. ഇത് കല്ല് ഉണ്ടാകാനുള്ള സാധ്യത കുറയ്ക്കും.

വൃക്കയിലെ കല്ലിന്റെ ഭാഗമായി വേദന ഉണ്ടാകുമ്പോൾ വേദന സംഹാരികൾ ഉപയോഗിക്കാവുന്നതാണ്. അതിനൊപ്പം നന്നായി വെള്ളം കുടിക്കുകയും വേണം. വേദനസംഹാരികൾ ഉപയോഗിക്കുന്നതിനുമുമ്പ് വൃക്കയുടെ പ്രവർത്തനം സാധാരണ ഗതിയിലാണെന്ന് ഉറപ്പുവരുത്തണം.

കഠിന വേദനയുമായി ആശുപത്രിയിലെത്തുന്ന രോഗിക്ക് വേദനസംഹാരികൾ നൽകിയശേഷം ഏതു തരത്തിലുള്ള കല്ലാണെന്ന് കണ്ടെത്തി അതിനായുള്ള ചികിത്സ നൽകുന്നു. അതിനാൽ ശരിയായ ചികിത്സതന്നെ ലഭ്യമാക്കാൻ രോഗികൾ ശ്രദ്ധിക്കണം. വ്യാജ ചികിത്സകൾക്കു പുറകെ പോകരുത്.

ഭക്ഷണശൈലി ക്രമീകരിക്കുക. ബീഫ്, മട്ടൺ, എന്നിവയുടെ ഉപയോഗം കുറയ്ക്കുക. ഓക്സലേറ്റ് കൂടുതലുള്ള ഭക്ഷണങ്ങളായ കാബേജ്, ചീര, കോളിഫ്ളവർ, നിലക്കടല, കോള, തക്കാളി എന്നിവ ഒഴിവാക്കുക. കാത്സ്യം അടങ്ങിയ വിഭവങ്ങൾ ശരീരത്തിന് ആവശ്യമുള്ള അളവിൽ മാത്രം കഴിക്കുക. ഉപ്പിന്റെ അളവ് കൂടാതെ സൂക്ഷിക്കണം.

ഒരു പ്രാവശ്യം കല്ല് ചികിത്സിച്ചു മാറ്റിയശേഷം വീണ്ടും കല്ലുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെങ്കിൽ ഹൈപ്പർ പാരാതൈറോയിഡിസം, ഹൈപ്പർ ഓക്സലേറിയ എന്നിവയ്ക്കുള്ള പരിശോധന നടത്തേണ്ടതാണ്.

ഡോ. ചേക്കുമരക്കാരകത്ത് ഷാനവാസ്, പറവണ്ണ
drshanavasparavanna@gmail.com

ലേഖനം

വിശുദ്ധ ക്വുർആൻ പരിഭാഷയും മലയാളികളും: 6



# മക്വ്ദി തങ്ങൾ വരുത്തിയ മാറ്റം: മതപഠന മേഖലക്ക് മാറ്റ് കൂട്ടുന്നു

**മൗ**ലാനാ ചാലിലകത്തിനെപ്പോലെയുള്ള പരിഷ്കർത്താക്കൾക്ക് പ്രചോദനമായത് ഈ മേഖലയിലെ മക്വ്ദി തങ്ങളുടെ ആദ്യ കാൽവയ്പുകളാണ്. കീഴ്വഴക്കങ്ങളിൽ തലകീഴായി നിൽക്കുന്ന ഒരു സമുദായം വിശുദ്ധ ക്വുർആൻ വിഭാവനം ചെയ്യുന്ന മാറ്റത്തിലേക്ക് നടന്നടുക്കണമെങ്കിൽ മതപാഠശാലകൾ അതിന് പാകമാകുന്ന ഉള്ളടക്കവും ഉൾക്കനവും സ്വീകരിച്ചിരിക്കണം. ഫലപ്രദമായ പാഠ്യപദ്ധതിക്ക് പുറത്തുനിന്നവർ എക്കാലത്തും മാറ്റങ്ങൾക്ക് നേരെ പുറംതിരിഞ്ഞു നിന്ന് അന്യരുടെ കീഴിൽ കഴിയാൻ മാത്രം ശീലിച്ചവരായിരിക്കും. അതുകൊണ്ടാണ് തങ്ങൾ പരിഷ്കൃത പാഠശാലകൾ സ്ഥാപിക്കാൻ ആഹ്വാനം നൽകിയത്. 'മതഹൃദയം ഗ്രഹിച്ചവരും ജന പരിഷ്കാര തൽപരരുമായ മുസ്ലിം ആത്മാക്കൾ മതാവശ്യമായ മുഖ്യാവശ്യങ്ങളിൽ അത്യാവശ്യമായ മതാഭിവൃദ്ധി ജന പരിഷ്കാരത്തിലും, ജന പരിഷ്കാ

രം വ്യവഹാരത്തിലുമാകയാൽ കാര്യാർത്ഥം പാഠശാലകൾ സ്ഥാപിക്കേണ്ടതാകുന്നു.'[1]

തങ്ങളുടെ ഈ രംഗത്തുള്ള നിർദേശങ്ങൾ കാണുക:

1. 'ഓത്തുപുരയിൽ ഒരു ബോർഡ് ഉണ്ടായിരിക്കണം. ആദ്യം ഓരോ അക്ഷരവുങ്ങളും ക്രമേണ കൂട്ടി എഴുതേണ്ട മുറകളും ഗുരുക്കന്മാർ എഴുതിക്കാണിച്ചും കുട്ടികളെ കൊണ്ട് എഴുതിപ്പിച്ചും ധരിപ്പിക്കയും അഭ്യസിപ്പിക്കയും വേണം.

2. അതാതു പാഠക്കാരെ തരം തിരിച്ച് ക്ലാസ്സ് (ദറജത്ത്) ആക്കണം.

3. ക്ലാസ്സ് മുറപ്രകാരം പാഠം കേൾക്കണം. അതായത് ഒന്നാമൻ മുതൽ വായിക്കുകയും മറ്റവർ നോക്കി തെറ്റു പറയുകയും വേണം എന്നും മറ്റും വിവരിക്കുന്ന ഒരു ചട്ടം ഉണ്ടാക്കി 'സ്വലാഹുൽ ഇഖ്‌വാൻ'[2] എന്ന നാമത്തിൽ നടപ്പായിരുന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. പത്രാധിപരായിരുന്ന സി.സൈതാലിക്കുട്ടി[3] അത് അത്യാവശ്യമെന്നും മറ്റും അഭിപ്രായപ്പെടുകയും ചെയ്തു. എങ്കിലും ഇന്നത്തെ മൊല്ലമാർ പൂർവരീതി ഒഴിയാതെ നടന്നുവരുന്നു.'[4]

വിചക്ഷണന്മാരുടെ വീക്ഷണങ്ങൾ സമുദായത്തിന്റെ ആത്യന്തിക ഗുണത്തിനും ക്ഷേമത്തിനുമാണെന്ന് തിരിച്ചറിയാനുള്ള പക്വത സ്വയം നിർമിത പാരമ്പര്യത്തിൽ അളവറ്റ് ഊറ്റം കൊള്ളുന്ന മതനേതൃത്വത്തിനും അവരെ അന്ധമായി അനുകരിക്കുന്ന സമുദായാംഗങ്ങൾക്കും അന്ന് കൈവന്നില്ല. ആവക തെറ്റുകളിൽ പശ്ചാത്തപിക്കുന്നവരെയും അതേസമയം പരസ്യമായി ന്യായീകരിക്കുന്നവരെയും ഇന്ന് അവരുടെ പിൻഗാമികളിൽ കാണാനാവുന്നു എന്നത് എത്രമാത്രം വിരോധാഭാസമാണ്!

**പകരം വെക്കാനില്ലാത്ത പാഠ്യക്രമമുണ്ടാക്കിയവനോടോ പുരോഹിത പരാക്രമം?**

ഓരോ മാസത്തെയും അധ്യയന ശേഷം പഠിതാവിനുണ്ടാകുന്ന വികാസത്തെ ഇത്ര സൂക്ഷ്മമായി വിശകലനം ചെയ്യുന്ന വിദ്യാഭ്യാസ വിചക്ഷണന്മാർ നമുക്ക് ഇന്നുമില്ല. ഇത്രമേൽ ശാസ്ത്രീയമായ ഒരു പഠന സമ്പ്രദായത്തെ സ്വീകരിക്കാനുള്ള പ്രത്യുൽപന്നമതിത്വം പുരോഹിതന്മാർക്കും, മാറിച്ചിന്തിക്കാനുള്ള സ്വാതന്ത്ര്യവും ജ്ഞാനവും ജനത്തിനുമുണ്ടായില്ല. അത്രക്ക് അജ്ഞാനാന്ധകാരങ്ങളിൽ വഴിയറിയാതെ ഉഴലുന്ന തലമുറകൾക്ക് ദിശാബോധത്തിന്റെ പുത്തൻ പാഠങ്ങൾ പകർന്നുനൽകിയ പരിഷ്കർത്താവിനെ പഴിപറയാൻ മാത്രം പണം പാഴാക്കുന്ന പണ്ഡിതന്മാരോട് നമുക്ക് സഹതാപം പോലുമില്ല.

വിശുദ്ധ ക്വുർആൻ കൊണ്ട് വിദ്യയാരംഭിച്ച് വിദ്വാന്മാരാകുന്ന ഒരു തലമുറയെ മനസ്സിൽ കണ്ട് തങ്ങൾ സെമസ്റ്റർ സമ്പ്രദായത്തിലുള്ള ഒരു സിലബസ് തന്റെ ഗ്രന്ഥങ്ങളിലും അക്കാലത്തെ ചില പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തി. തന്റെ കാലത്തെയും വരുംകാലത്തെയും വെല്ലുവിളികളെ നേരിടാൻ മുസ്‌ലിം സമൂഹത്തിന്ന് കരുത്തുപകരുന്ന വ്യവസ്ഥാപിതമായ ആ പാഠ്യക്രമത്തിന്റെ ആദ്യഭാഗങ്ങളിലൂടെ നമുക്ക് കണ്ണോടിക്കാം:

**1-ാം തരം ശിശു**

'അഭ്യാസ ആരംഭം ക്വുർആൻ കൊണ്ടാകുന്നതു ഉത്തമം. എന്നാൽ അറബി അക്ഷരങ്ങൾ ധരിപ്പിക്കുന്നതോടുകൂടി അറബി മലയാളത്തിലേക്കു ആവശ്യമാകുന്ന അക്ഷരങ്ങളും ധരിപ്പിക്കേണം. അതു 1906 ജനുവരി 1 'സ്വലാഹുൽ ഇഖ്‌വാൻ' എന്ന അറബി മലയാള പത്രത്തിൽ ഞാൻ പ്രസിദ്ധപ്പെടുത്തിയ ക്വുർആൻ അഭ്യാസ നിയമാനുസരണമായിരിക്കേണം. ഒരു മാസം കൊണ്ടു കൂട്ടിവായിക്കുകയും എഴുതുകയും ചെയ്യും. മൂന്നു മാസം കഴിഞ്ഞാൽ കയറ്റം കൊടുക്കണം.'[5]

**1ൽ ബി (ആറുമാസം)**

'അൽഹംദു[6] തുടങ്ങുന്നതിനോടുകൂടി 'ഫർളുൽ ഐനായ'[7] അറിവുകളെ ക്രമപ്പെടുത്തി ചെറുതരം തർജമകൾ ചോദ്യോത്തരങ്ങളാക്കി ചമച്ചു അവസ്ഥപോലെ ആരംഭിക്കണം. ഉച്ചക്കു ശേഷം, നാം ഉണ്ടാക്കിയ 'മുഅല്ലിമുൽ ഇഖ്‌വാൻ' എന്ന പുസ്തകം എടുത്തു അറബി അക്ഷരത്തിനൊത്ത മലയാള അക്ഷരങ്ങളും മറ്റും എഴുതി കാണിച്ചും എഴുതിച്ചും ധരിപ്പിക്കണം. അതോടൊന്നിച്ചു അറബി, മലയാ

**അധ്യയന ശേഷം പഠിതാവിനുണ്ടാകുന്ന വികാസത്തെ സൂക്ഷ്മമായി വിശകലനം ചെയ്യുന്ന വിദ്യാഭ്യാസ വിചക്ഷണന്മാർ നമുക്ക് ഇന്നുമില്ല. ശാസ്ത്രീയമായ ഒരു പഠന സമ്പ്രദായത്തെ സ്വീകരിക്കാനുള്ള പ്രത്യുൽപന്നമതിത്വം പുരോഹിതന്മാർക്കും, മാറിച്ചിന്തിക്കാനുള്ള സ്വാതന്ത്ര്യവും ജ്ഞാനവും ജനത്തിനുമുണ്ടായില്ല. അജ്ഞാനാന്ധകാരങ്ങളിൽ വഴിയറിയാതെ ഉഴലുന്ന തലമുറകൾക്ക് ദിശാബോധത്തിന്റെ പുത്തൻ പാഠങ്ങൾ പകർന്നുനൽകിയ മക്വ്ദി തങ്ങളെ പോലുള്ള ഒരു പരിഷ്കർത്താവിനെ പഴിപറയാൻ മാത്രം പണം പാഴാക്കുന്ന പണ്ഡിതന്മാരോട് നമുക്ക് സഹതാപം പോലുമില്ല.**

**വിചക്ഷണന്മാരുടെ വീക്ഷണങ്ങൾ സമുദായത്തിന്റെ ആത്യന്തിക ഗുണത്തിനും ക്ഷേമത്തിനുമാണെന്ന് തിരിച്ചറിയാനുള്ള പക്വത സ്വയം നിർമിത പാരമ്പര്യത്തിൽ അളവറ്റ് ഊറ്റം കൊള്ളുന്ന മതനേതൃത്വത്തിനും അവരെ അന്ധമായി അനുകരിക്കുന്ന സമുദായാംഗങ്ങൾക്കും മക്വ്ദി തങ്ങളുടെ കാലത്ത് കൈവന്നിരുന്നില്ല. ആവക തെറ്റുകളിൽ പശ്ചാത്തപിക്കുന്നവരെയും അതേസമയം പരസ്യമായി ന്യായീകരിക്കുന്നവരെയും ഇന്ന് അവരുടെ പിൻഗാമികളിൽ കാണാനാവുന്നു എന്നത് എത്രമാത്രം വിരോധാഭാസമാണ്!**

ളം, ഇംഗ്ലീഷ് ഈ മൂന്ന് തരം അക്കങ്ങളും 100 വരെ എഴുതാനും കൂട്ടാനും, കൂടാതെ മലയാളത്തിലും അറബി-മലയാളത്തിലും എഴുതാനും പഠിപ്പിക്കണം.

ഈ അവസരത്തിൽ ക്വുർആൻ അഞ്ചു ജുസ്അ് തികച്ചും ഓതിക്കുന്നത് മദ്റസാ നിയമവും അതിലധികം ഓതുന്നത് അവരവരുടെ ഇഷ്ടവും ആകുന്നു. ആറാം മാസം കയറ്റം കൊടുക്കണം.

**1 രണ്ടാം തരം (ആറു മാസം)**

സർക്കാർ നിയമപ്രകാരം ഒന്നാം പാഠപുസ്തകവും അതിന്നനുസരണമായ പഠനങ്ങളും അതോടൊന്നിച്ചു 'ഫിക്വ്ഹു' എന്ന കർമകാണ്ഠത്തിൽ തർജമ ചെയ്തു കിത്താബാക്കി വായിക്കയും ധരിപ്പിക്കയും വേണം.

**2ൽ (ആറു മാസം)**

മലയാളം രണ്ടാം പുസ്തകവും അതിന്നനുസരിച്ച് നാമം, ക്രിയ, അവ്യയം ഇതുകളെ വിവരിക്കുന്ന അറബി വ്യാകരണം മലയാളത്തിൽ ഭാഷപ്പെടുത്തി അതും ഫിക്വ്ഹ്-അക്വാഇദ് എന്നീ രണ്ടു വിധം അടങ്ങിയ കിതാബു തർജമ ചെയ്ത് അതും പഠിപ്പിക്കേണം.

ആറാം മാസത്തിൽ തരംതിരിച്ച് ലൗകിക ശാഖയിലേക്കോ വൈദിക ശാഖയിലേക്കോ അവരവരുടെ ഇഷ്ടം പോലെ കയറ്റം കൊടുക്കണം. ലൗകിക ശാഖ- സർക്കാർ മുറപോലെ ഇംഗ്ലീഷും മലയാളവും വായിച്ച് ക്രമമായി വർധിച്ചുകൊള്ളണം.

വൈദിക ശാഖ-അറബി വായനയോടുകൂടി മലയാള വ്യാകരണം മുതൽ കാണ്ഡം, കർമ കാണ്ഡം മുതലായതുകളിൽ വേണ്ടിവരുന്ന ഭാഷാ പദങ്ങൾ ഗ്രഹിക്കുന്നതിലേക്കു പ്രകരണങ്ങളും പുരാണങ്ങളും മറ്റും ആവശ്യം പോലെ വായിച്ച് അറബി ഭാഷാ ജ്ഞാനത്തിനൊത്ത ഭാഷാ ജ്ഞാനം മലയാളത്തിലും സമ്പാദിക്കേണം.

ഈ സ്വഭാവത്തിൽ അഭ്യസിക്കുന്നതായാൽ ഇസ്‌ലാം ജനം വൈദിക-ലൗകികങ്ങളിൽ പഴിതീർന്നവരായും പരിഷ്‌കൃതരായും ഭവിക്കും, നിശ്ചയം. എന്ന് മക്വ്ദി തങ്ങൾ.'[8]

മതപാഠശാലകൾക്കായി സ്വന്തമായി അദ്ദേഹം ഒരു നിഘണ്ടു നിർമിക്കുകയും അവയുടെ നിയമാവലിയിൽ അത് നിശ്ചയിച്ചുനൽകുകയും ചെയ്തു.

**ഭാഷാഭ്യാസഹൃദയം**

'മലയാള മുസ്‌ലിം അറബി പദാർഥം അറിയാതെ അന്ധരായിത്തീരുന്ന ദോഷത്തിൽ നിന്ന് രക്ഷതേടുന്ന മാർഗം എന്തെന്നു ആലോചിക്കണം.

പുത്തനായ മദ്റസ ഏർപ്പെടുത്തിയാലും ഈ ദോഷം തീരുന്നതല്ല. ഇവിടുത്തെ ഗുരുക്കന്മാർ പതിവുപോലെ പഠിപ്പിക്കും. പരദേശ്യർ മലയാളം അറിയുന്നതുമില്ല. മധ്യസ്ഥാനത്തു മറ്റൊരു ഭാഷയെ ആശ്രയിച്ച് ക്രമപ്പെടുത്താമെന്നുള്ള ധൈര്യം ദുസ്സാധ്യമെങ്കിലും അതിന്നുള്ള പ്രയാസവും കാലതാമസവും എത്ര എന്നും തത്സമയമുള്ള ഗുരുക്കന്മാർക്ക് ഉപകരിക്കുമോ എന്നും, ചിന്തിക്കുന്ന മനുഷ്യബുദ്ധി ശഠിക്കും.'[9]

'എന്നാൽ തൽക്കാലാവസ്ഥക്ക് അത്യാവശ്യമായത് അർഥനിഘണ്ടു ആകുന്നു. അറബി പദത്തിനൊത്ത മലയാള പദവും സംസ്‌കൃത പദവും കാണിക്കുന്ന നിഘണ്ടു ചമച്ചു[10] പ്രസിദ്ധപ്പെടുത്തുന്നതായാൽ അത് പുതു പാഠശാലകൾക്കും ശേഷമുള്ള എല്ലാ ജനങ്ങൾക്കും ഗുണകരമായും ഉപകാരപ്രദമായും ഭവിക്കുമെന്നു അഭ്യാസാത്മാക്കളത്രയും സമ്മതിക്കും. ഭാഷാഭ്യാസ ഹൃദയം നിഘണ്ടുവാകുന്നു -മക്വ്ദി തങ്ങൾ'[11]

മതപഠന മേഖലയിൽ മാത്രം മക്വ്ദി തങ്ങൾ നൽകിയ സംഭാവനകളുടെ നേർചിത്രം നൽകാനാണ് നാല് ലക്കങ്ങളിലൂടെ നാം ശ്രമിച്ചത്. അറിവ് ഉൽപാദിപ്പിക്കാത്ത അറിവാളന്മാരും അറിവില്ലാതെ കാലം കഴിക്കുന്ന സമുദായവും മക്വ്ദി തങ്ങൾക്ക് എന്നും തലവേദനയായിരുന്നു. മാതൃഭാഷയായ മലയാളത്തോട് മുഖംതിരിച്ച മാപ്പിളമാർ അറിവിന്റെ മറ്റു മേഖലകളെക്കുറിച്ചും അജ്ഞരായിരുന്നു. ലോകത്ത് നടക്കുന്ന ആശാവഹവും ആശങ്കാജനകവുമായ മാറ്റങ്ങൾ അറിയാൻ പോലും അന്ന് അവർക്ക് ശേഷിയുണ്ടായിരുന്നില്ല.

പക്ഷേ, പതുക്കെപ്പതുക്കെ, പരിവർത്തനത്തിന്റെ പരിമളം 'മലയാള രാജ്യനിവാസികളുടെ'[12] നാസികയിൽ ഇടംപിടിക്കാൻ തുടങ്ങി. പുതിയ പുലരിയുടെ പൊൻകിരണങ്ങൾ മെല്ലെ മെല്ലെ തലപൊക്കിയതിന്റെ ചരിത്രം ഇസ്‌ലാഹി ചരിത്രകാരനായ ഇ.കെ.

മൗലവിയുടെ തൂലികയിലൂടെ വായിച്ചെടുക്കാം:

'1919ലാണ് ഞാൻ കൊടുങ്ങല്ലൂരിൽ താമസം തുടങ്ങിയത്. ഇവിടെയും അയൽപ്രദേശങ്ങളിലും ചില വഹാബികളുണ്ടെന്നും അവരെ സൂക്ഷിക്കണമെന്നും അപരിചിതനായ എന്നെ അക്കാലത്തു ചില സുഹൃത്തുക്കൾ ഉപദേശിക്കുകയുണ്ടായി. അവർ ആരാണെന്നറിയാൻ കൗതുകം ജനിക്കൽ സ്വാഭാവികമാണല്ലോ. സുഹൃത്തുക്കളോട് ഞാൻ അവരെപ്പറ്റി അന്വേഷിച്ചപ്പോൾ നാലഞ്ചാളുകളുടെ പേര് അവർ പറഞ്ഞുതന്നു. ആ കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം തികച്ചും പുത്തനാശയക്കാരായ ആ 'വഹാബി'കളെ പരിചയപ്പെടണമെന്നായി എനിക്ക്. അതിന് പ്രയാസമൊന്നും നേരിട്ടില്ല. പരിചയപ്പെടുക മാത്രമല്ല, അവരുടെ വാദഗതികൾ ഞാൻ വിശദമായി മനസ്സിലാക്കുക പോലും ചെയ്തു.'(13)

'മൺമറഞ്ഞുപോയ ഔലിയാക്കന്മാരെയും ശൈഖന്മാരെയും വിളിച്ച് സഹായം തേടലും അവരുടെ ഖബറുകളെ പൂജിക്കലും മറ്റും ശിർക്കിന്റെ ഉഗ്രരൂപമാണെന്നായിരുന്നു അവരുടെ വാദത്തിന്റെ പൊരുൾ. ഞാൻ അവരോട് ഇങ്ങനെ ചോദിച്ചു: 'നിങ്ങളുടെ നാട്ടിലെ ബഹുഭൂരിപക്ഷത്തിനെതിരായ ഈ ആശയം നിങ്ങളെ പിടികൂടിയതെങ്ങനെ?' ഇതിന് കൂട്ടത്തിൽ ഒരാൾ നൽകിയ മറുപടി ഇതായിരുന്നു: 'ഥനാഉല്ലാഹ് മക്ദി തങ്ങളാണ് ഞങ്ങളിൽ ഈ ആശയം പ്രചരിപ്പിച്ചത്.'

ഞാൻ അയാളോട് കൂടുതൽ വിവരങ്ങൾ ആരാഞ്ഞു. അതിന്നു കിട്ടിയ മറുപടിയുടെ ചുരുക്കം. ഇങ്ങനെയാണ്: 'മക്ദി തങ്ങൾ ക്രിസ്ത്യാനികളുടെ കേന്ദ്രമായ പള്ളിപ്പുറത്തും കോട്ടപ്പുറത്തും പറവൂരും ഖണ്ഡനപ്രസംഗം നടത്താറുണ്ട്. പരിപാടി കഴിഞ്ഞാൽ അദ്ദേഹം എന്റെ വീട്ടിൽവന്ന് താമസിക്കും. അപ്പോഴൊക്കെ, അദ്ദേഹത്തിന് ഒരു വിഷയമേ ഞങ്ങളോട് പറയാനുണ്ടാവൂ: 'ക്രിസ്ത്യാനികൾ ഒരു പ്രത്യേക മതക്കാരാണ്. അവർ എങ്ങനെയെങ്കിലും ജീവിക്കട്ടെ. നമ്മുടെ മുസ്‌ലിം സഹോദരന്മാരുടെ കാര്യത്തിലാണ് എനിക്ക് വ്യസനം. ഔലിയാക്കന്മാരെയും സ്വാലിഹുകളെയും അല്ലാഹുവിന്റെ സ്ഥാനത്തേക്കുയർത്തുകയും അവരുടെ മഖ്ബറകളിൽ വിളക്കു കത്തിക്കുകയും അല്ലാഹുവിനോട് പ്രാർഥിക്കുന്നതു പോലെ അവരോട് പ്രാർഥിക്കുകയും ചെയ്യുന്ന എത്രയോ മുസ്‌ലിം സഹോദരന്മാരുണ്ട്! വാസ്തവത്തിൽ ഇതൊക്കെ ശിർക്കിന്റെ തടിച്ച രൂപങ്ങളാണ്.'(14)

'ഈ രീതിയിൽ രഹസ്യമായും പരസ്യമായും മക്ദി തങ്ങൾ തടത്തിയ ഉപദേശങ്ങളാണ് കൊടുങ്ങല്ലൂരിൽ കുറെ പേരെയെങ്കിലും യഥാർഥ മുവഹ്ഹിദുകളാക്കി മാറ്റിയത്.'(15)

ഇത്രയൊക്കെ മനസ്സിലാക്കിയിട്ടും മക്ദി തങ്ങൾ യാഥാസ്ഥിതികന്മാരുടെ ആദർശ പിതാവാണെന്നോ, പിന്തിരിപ്പനാണെന്നോ, നവോത്ഥാന നായകനല്ലെന്നോ, അദ്ദേഹത്തിന്റെ നവോത്ഥാനം മതകീയാടിത്തറകളിൽ പണിതതല്ലെന്നോ മറ്റോ വിടുവാ വിടുന്നവരെ വെറുതെ വിടുക. അവരുടെ മുൻഗാമികൾ മാതൃഭാഷയോടും ലോകപരിജ്ഞാനത്തോടും മാറ്റങ്ങളോടും അനുവർത്തിച്ചിരുന്ന ശത്രുതാ രീതിയുടെ ആവർത്തനമാണിതെന്ന്, തദ്സംബന്ധമായ ചർച്ചകൾ വരുമ്പോൾ എല്ലാ ഗവേഷണനാട്യക്കാർക്കും ബോധ്യപ്പെട്ടുകൊള്ളും.

**ആധാരസൂചിക:**

1 സമ്പൂർണ കൃതികൾ, താൾ 443, മുസ്‌ലിം ജനവും വിദ്യാഭ്യാസവും.

2. 1899 മുതൽ 1908 വരെ സി. സൈതാലിക്കുട്ടി മാസ്റ്റർ തിരൂരിൽ നിന്ന് ഇറക്കിയിരുന്ന അറബി മലയാള പത്രം.

3. മക്ദി തങ്ങളുടെ സമകാലികനായ വിദ്യാഭ്യാസ വിചക്ഷണൻ തിരൂർ മുത്തൂർ കണ്ണമാം കടവത്ത് അലവി മകൻ സി. സൈതാലിക്കുട്ടി മാസ്റ്റർ.

4. സമ്പൂർണ കൃതികൾ, താൾ 712,713, മക്തി മനഃക്ലേശം.

5. സമ്പൂർണ കൃതികൾ, താൾ 446, മുസ്‌ലിം ജനവും വിദ്യാഭ്യാസവും.

6. വിശുദ്ധ ക്വുർആനിലെ ഒന്നാം അധ്യായത്തിലെ ഒന്നാം വചനം: സർവസ്തുതികളും സർവാധിനാഥന് എന്നർഥം.

7. വ്യക്തിഗത ബാധ്യത.

8. സമ്പൂർണ കൃതികൾ, താൾ 446, 447; മുസ്‌ലിം ജനവും വിദ്യാഭ്യാസവും.

9. സമ്പൂർണ കൃതികൾ, താൾ 447,448.

10. നിർമിക്കുക.

11. സമ്പൂർണ കൃതികൾ, താൾ 448; മുസ്‌ലിം ജനവും വിദ്യാഭ്യാസവും.

12. മലയാളികൾ എന്നതിന് അക്കാലത്തെ പ്രയോഗം എടുത്തുദ്ധരിച്ചതാണ്. മലയാളത്തിന്റെ നാട്ടിൽ താമസിക്കുന്നുണ്ടെങ്കിലും മലയാളം ശരിയായി ഉച്ചരിക്കാത്തവരെയും ആ പ്രയോഗത്തിൽ ഉൾക്കൊള്ളിക്കാം എന്ന സൗകര്യമുണ്ട്.

13. കേരളത്തിലെ ഇസ്‌ലാഹി പ്രസ്ഥാനം, ഇ.കെ മൗലവി, 'റാത്തീബും ഒരു കൊലയും'-അൽമുർശിദ് (മലയാളം), 1966 ആഗസ്റ്റ്, താൾ 6.

14. അതേ അവലംബം, താൾ 6.

15. അതേ അവലംബം, താൾ 6.

സി എൻ ഷുഹൈബ്, മാതാംകുളം
mail@nerpatham.com






# സാമൂഹ്യമാധ്യമങ്ങളിൽ ഇടപെടുമ്പോൾ...

**കാ**ലം മാറി, ഒപ്പം ടെക്നോളജിയും. മധുവിധുനാളുകൾ തീരും മുമ്പ് കുടുംബ പ്രാരാബ്ധം ഒന്ന് കൊണ്ട് മാത്രം ജീവിതം പറിച്ച് നടപ്പെട്ട പ്രവാസി യുവാവിന് പ്രിയതമയെ തനിച്ച് കാണാനും സല്ലപിക്കാനും ഉള്ളം കയ്യിലൊതുങ്ങുന്ന കൊച്ചു ഫോൺ മാത്രം മതിയെന്നായിരിക്കുന്നു. ഒരു കത്തെഴുതി അയച്ചാൽ അത് പ്രിയതമനോ പ്രിയതമക്കോ കിട്ടാൻ ആഴ്ചകൾ കാത്തിരിക്കേണ്ട അവസ്ഥയും ആ കാത്തിരിപ്പിന്റെ അസഹ്യതയും അത് കയ്യിൽ കിട്ടുമ്പോഴുള്ള നിർവൃതിയും പുതുതലമുറക്ക് പറഞ്ഞാൽ മനസ്സിലാകാത്തതാണ്.

ആൻഡ്രോയിഡ് മൊബൈൽ ഫോൺ എന്ന കൊച്ചു യന്ത്രത്തിലൂടെ ലേകത്തിന്റെ ഏത് ഭാഗത്തുള്ളവരോടും സൗഹൃദം പുലർത്തുവാനും ഏത് നിമിഷവും സന്ദേശങ്ങൾ കൈമാറുവാനും കണ്ടും കാണാതെയും സംസാരിക്കുവാനും കഴിയുന്ന പുതുകാലഘട്ടത്തിലെ പുതുതലമുറക്ക് എന്ത് കത്തും കമ്പിയും!

ആൻഡ്രോയിഡ് മൊബൈൽ ഫോൺ വിപണി സജീവമായതോടെ യുവതലമുറ സോഷ്യൽ മീഡിയയിലും സജീവമായി. വാട്സപ്പ്, ഫെയ്സ് ബുക്ക് പോലുള്ള സാമൂഹിക മാധ്യമങ്ങളിലേക്കുള്ള കുത്തൊഴുക്കിൽ ചില ബാധ്യതകളും കടപ്പാടുകളും നാം മറക്കുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

രക്ഷാദൗത്യത്തിൽ മുഴുകേണ്ട ദുരന്തമുഖങ്ങളിൽ പോലും സെൽഫിയെടുക്കാനും അത് സോഷ്യൽ മീഡിയയിൽ പ്രചരിപ്പിച്ച് ആനന്ദം കൊള്ളാനും നമ്മിൽ പലരും മടികാണിക്കുന്നില്ല. സ്വന്തമായി മെനഞ്ഞുണ്ടാക്കിയതോ, ആരെങ്കിലും പറഞ്ഞ് കേട്ടതോ, ആധികാരികത ഇല്ലാത്ത സ്രോതസ്സിൽ നിന്ന് ലഭിച്ചതോ ആയ വാർത്തകളും കുറിപ്പുകളും ഓഡിയോ വീഡിയോ ക്ലിപ്പുകളും പൊടിപ്പും തൊങ്ങലും അടിക്കുറിപ്പുകളും ചേർത്ത് സമൂഹത്തിൽ പ്രചരിപ്പിക്കുവാൻ നമുക്ക് ലവലേശം മടിയില്ലാതായിരിക്കുന്നു!

ഇതൊക്കെ നൂറും ഇരുനൂറും ആളുകളുള്ള വാട്സപ്പ് ഗ്രൂപ്പുകളിൽ കൊണ്ടുപോയി യഥേഷ്ടം നമ്മൾ ഷെയർ ചെയ്യുന്നു. ആ ഷെയർ ചെയ്ത പോസ്റ്റുകൾ ഇരുന്നൂറിൽ നിന്ന് രണ്ടായിരവും ഇരുപതിനായിരവും ആളുകളിലെത്താൻ നിമിഷ നേരം മാത്രം മതി. ഒരു പക്ഷേ, ഒന്നോ രണ്ടോ ദിവസം

എത്രയോ മനുഷ്യസ്നേഹികൾ അഗതികളുടെ കണ്ണീരൊപ്പാൻ ഇന്ന് സോഷ്യൽ മീഡിയ ഉപയോഗപ്പെടുത്തുന്നു എന്നത് ആശ്വാസകരമാണ്. വൻപ്രളയം കഴിഞ്ഞവർഷം കേരളത്തെ പിടികൂടിയപ്പോൾ കൈ-മെയ് മറന്ന് അഹോരാത്രം പ്രയത്നിച്ച രക്ഷാപ്രവർത്തകരേറെയും രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചതും ദുരന്തമുഖത്ത് ഒറ്റപ്പെട്ട പതിനായിരങ്ങൾ തങ്ങളുടെ ദയനീയ സ്ഥിതി മാലോകരെ അറിയിച്ചതും സോഷ്യൽ മീഡിയയിലൂടെയാണെന്നതും ഒരു നിയോഗം.

ലോകത്ത് നടക്കുന്ന സംഭവ വികാസങ്ങളും ഏറ്റവും പുതിയ വാർത്തകളും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക കാര്യങ്ങളും അപ്പപ്പോൾ ജനങ്ങളിലേക്കെത്തിക്കുന്നതിൽ സോഷ്യൽ മീഡിയ വഹിക്കുന്ന പങ്ക് ചെറുതൊന്നുമല്ല. ഇന്ന് അത് നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഒരു ഭാഗമാണ്. അറിയാനും അറിയിക്കാനും സംവദിക്കാനുമൊക്കെയുള്ള നൂതന മാർഗം.

അവനവന്റെ ഇഷ്ടാനുസരണം നന്മയിലൂന്നിയും തിന്മയുടെ വഴിയെയും ഉപയോഗിക്കാൻ ഉതകുന്ന രീതിയിലാണ് സോഷ്യൽ മീഡിയകളുടെ പ്രവർത്തനതലം. നമ്മുടെ പ്രവർത്തനങ്ങളെല്ലാം നന്മയിലൂന്നി മാത്രം ചെയ്യുക.

കടയിൽ നിന്നും വാങ്ങുന്ന ഒരു കത്തികൊണ്ട് പച്ചക്കറികൾ അരിയാം, മറ്റൊരാളുടെ ജീവനെടുക്കാം. അത് പോലെത്തന്നെയാണ് സോഷ്യൽ മീഡിയയും. നമ്മുടെ ഇഷ്ടത്തിന് മാത്രം വില കൽപിച്ച്, അപരന്റെ ജീവനോ, വ്യക്തിത്വത്തിനോ വില കൽപിക്കാതെ സോഷ്യമീഡിയയിൽ നിരങ്ങിയാൽ അത് നമുക്കും മറ്റുള്ളവർക്കും വരുത്തിവെക്കുന്ന ആഘാതം ചെറുതൊന്നുമാവില്ല.

ഉദാത്തമായ ഒരു മതത്തിന്റെ വക്താക്കളായ നമുക്ക് പഠിക്കാനും പ്രബോധനം ചെയ്യാനും ഇന്റർനെറ്റ് സംവിധാനത്തെയും സമൂഹമാധ്യമങ്ങളെയും ഉപയോഗപ്പെടുത്താൻ കഴിയണം. കുടുംബത്തോടും സമൂഹത്തോടും സ്വന്തത്തോടുമുള്ള കടമകളും കടപ്പാടുകളും നിർവഹിക്കാതെ ഇന്റർനെറ്റിന്റെയും സമൂഹമാധ്യമങ്ങളുടെയും അടിമകളായി മാറാതിരിക്കാൻ നാം ജാഗ്രത പുലർത്തണം. ●

കഴിഞ്ഞിട്ടാവും ആ വാർത്ത ശരിയായിരുന്നില്ല എന്ന യാഥാർഥ്യം നാം അറിയുക. അപ്പോഴേക്കും ജനലക്ഷങ്ങളിലേക്ക് ആ വാർത്ത എത്തിയിട്ടുണ്ടാകും! പിന്നീട് അത്രയും ആളുകളെ ആ വാർത്തയുടെ നിജസ്ഥിതി ബോധ്യപ്പെടുത്താൻ നമുക്കെങ്ങനെ കഴിയും?

ആക്സിഡന്റ് സംഭവിച്ചു; ആളെ തിരിച്ചറിഞ്ഞില്ല, രോഗിക്ക് രക്തം ആവശ്യമുണ്ട്, പണം നഷ്ടപ്പെട്ടു, കുട്ടിയെ കാണാതായി; ഇതുവരെ കണ്ടെത്തിയില്ല, വിദേശത്ത് ജോലിക്ക് ആളെ ആവശ്യമുണ്ട്... എന്നിങ്ങനെയുള്ള മെസ്സേജുകൾ നാം കാണാറുണ്ട്. ഭൂരിഭാഗം പോസ്റ്റുകളിലും ബന്ധപ്പെടാനുള്ള നമ്പറോ, സംഭവിച്ച തീയതിയോ ഉണ്ടാവില്ല. ഉണ്ടെങ്കിൽ തന്നെ, ഭൂരിപക്ഷം ആളുകളും ഈ വക കാര്യങ്ങൾ ഷെയർ ചെയ്യും മുമ്പ് എന്ന് സംഭവിച്ചതാണെന്നോ, ഇപ്പോഴത്തെ സ്ഥിതി എന്താണെന്നോ വിളിച്ച് അന്വേഷിക്കാൻ സന്മനസ്സ് കാണിക്കാറില്ല. വിശുദ്ധ ക്വുർആനിന്റെ ഒരു താക്കീത് കാണുക:

"സത്യവിശ്വാസികളേ, ഒരു അധർമകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്ത് വരുത്തുകയും എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി" (ക്വുർആൻ 49:06).

സോഷ്യൽ മീഡിയ വഴി ആഹ്വാനം ചെയ്യപ്പെട്ട നാഥനില്ലാത്ത ഒരു ഹർത്താലിന് അടുത്തിടെ നാം സാക്ഷികളായി. വ്യാപകമായി അക്രമസംഭവങ്ങൾ അരങ്ങേറിയ ആ ഹർത്താലിനെ സോഷ്യൽ മീഡിയയിൽ സപ്പോർട്ട് ചെയ്ത നിരവധിയാളുകൾക്കെതിരെ പൊലീസ് കേസെടുക്കുകയുണ്ടായി. അതിന്റെ കെടുതി അവർ ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്!

അഭിപ്രായസ്വാതന്ത്ര്യത്തിന്റെ മറവിൽ ആർക്കെതിരെയും എന്തും പ്രചരിപ്പിക്കാമെന്ന മിഥ്യാധാരണ നമ്മൾ മാറ്റേണ്ടതുണ്ട്. കുത്തഴിഞ്ഞ ജീവിത സാഹചര്യത്തിൽ സമൂഹത്തെ നേർവഴിക്ക് നടത്താൻ യുവതലമുറ ബാധ്യസ്ഥരാണ്. അതിനായി യുവതലമുറയുടെ സന്തത സഹചാരിയായ സോഷ്യൽ മീഡിയയെ ഫലപ്രദമായ ഉപയോഗരീതിയിലേക്ക് മാറ്റേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്.

നാമൊന്ന് മനസ്സ് വെച്ചാൽ ജനലക്ഷങ്ങൾക്ക് ഉപകാരം ചെയ്യാൻ പോന്ന ഒരു മാധ്യമമായി നമുക്ക് സോഷ്യൽ മീഡിയയെ മാറ്റാം. ആയിരങ്ങളെ സഹായിക്കാൻ, കണ്ണീരൊപ്പാൻ, പല വിധത്തിലുള്ള നന്മ ചെയ്യാൻ നമ്മുടെ കൈക്കുമ്പിളിലൊതുങ്ങുന്ന മൊബൈൽഫോൺ കൊണ്ട് നമുക്കാവും. പുതിയ ആശയങ്ങൾ, ചിന്തകൾ, അറിവുകൾ...സമൂഹത്തിന് ഉപകാരപ്പെടുന്ന എന്തും പങ്ക് വെക്കാൻ കഴിഞ്ഞുപോയ തലമുറക്കൊന്നും കിട്ടാത്ത കനകാവസരം നമുക്ക് കിട്ടിയിട്ടുണ്ട്.

സയ്യിദ് സഅ്ഫർ സ്വാദിക് മദീനി
sahfarsadik@gmail.com



# ആരാണ് പ്രാർഥനക്കർഹൻ?

നമ്മുടെ ദൃഷ്ടികൾകൊണ്ട് കാണുവാൻ കഴിയുന്നതും കഴിയാത്തതുമായ കോടാനുകോടി വസ്തുക്കളെയും ഈ പ്രപഞ്ചത്തെയാകെയും യാതൊരു മുൻമാതൃകയും കൂടാതെ സൃഷ്ടിച്ചത് അല്ലാഹുവാണ്. ഒരു മൊട്ടുസൂചി പോലും അത് ഉണ്ടാക്കുന്നവനില്ലാതെ തനിയെ ഉണ്ടാവുകയില്ലെങ്കിൽ വ്യവസ്ഥാപിതമായി ചലിച്ചുകൊണ്ടിരിക്കുന്ന ഈ പ്രപഞ്ചം എങ്ങനെ തനിയെ ഉണ്ടാകും? ബുദ്ധിയുള്ളവർക്ക് അങ്ങനെ ചിന്തിക്കുവാൻ പോലും കഴിയില്ല. വിശുദ്ധക്വുർആൻ ഖണ്ഡിതമായിത്തന്നെ, ഈ പ്രപഞ്ചത്തെയും അതിലെ സർവ വസ്തുക്കളെയും സൃഷ്ടിച്ചു പരിപാലിക്കുന്നവൻ ഏകനായ അല്ലാഹുവാണെന്ന് പ്രഖ്യാപിക്കുന്നത് കാണാം. ഈ യാഥാർഥ്യം മക്കയിലെ സത്യനിഷേധികൾ പോലും അംഗീകരിച്ചിരുന്നു എന്ന് ക്വുർആൻ വ്യക്തമാക്കുന്നുണ്ട്:

“ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനേയും കീഴ്പ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട് (ബഹുദൈവവിശ്വാസികളോട്) ചോദിക്കുന്നപക്ഷം തീർച്ചയായും അവർ പറയും; അല്ലാഹുവാണെന്ന്. അപ്പോൾ എങ്ങനെയാണ് അവർ (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്?” (അൽ അൻകബൂത്: 61).

“അഥവാ, ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും നിങ്ങൾക്ക് ആകാശത്തു നിന്ന് വെള്ളം ചൊരിഞ്ഞ് തരികയും ചെയ്തവനോ? (അതോ അവരുടെ ദൈവങ്ങളോ?). എന്നിട്ടത് (വെള്ളം) മൂലം കൗതുകമുള്ള ചില തോട്ടങ്ങൾ നാം മുളപ്പിച്ചുണ്ടാക്കി തരികയും ചെയ്തു. അവയിലെ വൃക്ഷങ്ങൾ മുളപ്പിക്കുവാൻ നിങ്ങൾക്ക് കഴിയുമായിരുന്നില്ല. അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ, അല്ല അവർ വ്യതിചലിച്ച് പോകുന്ന ഒരു ജനതയാകുന്നു. അഥവാ, ഭൂമിയെ നിവാസയോഗ്യമാക്കുകയും അതിനിടയിൽ നദികളുണ്ടാക്കുകയും അ

തിന് ഉറപ്പുനൽകുന്ന പർവതങ്ങളുണ്ടാക്കുകയും രണ്ടുതരം ജലാശയങ്ങൾക്കിടയിൽ ഒരു തടസ്സം ഉണ്ടാക്കുകയും ചെയ്തവനോ? (അതോ അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം മറ്റു വല്ല ദൈവവുമുണ്ടോ? അല്ല, അവരിൽ അധികപേരും അറിയുന്നില്ല- അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ച് പ്രാർഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ? (അതല്ല, അവരുടെ ദൈവങ്ങളോ?). അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ. അഥവാ, കരയിലെയും കടലിലേയും അന്ധകാരങ്ങളിൽ നിങ്ങൾക്ക് വഴി കാണിക്കുകയും തന്റെ കാരുണ്യത്തിന് മുമ്പിൽ സന്തോഷ സൂചകമായി കാറ്റുകൾ അയക്കുകയും ചെയ്യുന്നവനോ? (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? അവർ പങ്കുചേർക്കുന്നതിനെല്ലാം അല്ലാഹു അതീതനായിരിക്കുന്നു. അഥവാ, സൃഷ്ടി ആരംഭിക്കുകയും പിന്നീട് അതാവർത്തിക്കുകയും ആകാശത്തു നിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ഉപജീവനം നൽകുകയും ചെയ്യുന്നവനോ? (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? (നബിയേ,) പറയുക: നിങ്ങൾ സത്യവാന്മാരാരാണെങ്കിൽ നിങ്ങൾക്കുള്ള തെളിവ് നിങ്ങൾ കൊണ്ടുവരിക" (അന്നംല്: 60-64).

പ്രപഞ്ചവും അതിലെ സർവ വസ്തുക്കളും സൃഷ്ടിക്കുവാൻ കഴിവുള്ളവൻ ആരാണോ അവനോട് മാത്രമെ നാം പ്രാർഥിക്കാവൂ. അതായത് സ്രഷ്ടാവ് ആരാണോ അവനോട് മാത്രമെ സൃഷ്ടികൾ പ്രാർഥിക്കുവാൻ പാടുള്ളൂ.

### നാം പ്രാർഥിക്കേണ്ടത് ആരോട്?

നമ്മുടെ അർഥനകൾ കേൾക്കുകയും അതിന് ഉത്തരം നൽകുകയും ചെയ്യുന്നവനോടാണ് നാം പ്രാർഥിക്കേണ്ടത്. കേൾക്കുകയോ കാണുകയോ ഉത്തരം നൽകുകയോ ചെയ്യാത്തവരെ വിളിച്ച് നാം പ്രാർഥിച്ചിട്ട് എന്ത് ഫലം? ഇബ്‌റാഹീം(عليه السلام) തന്റെ പിതാവിനോട് ഈ കാര്യം പറയുന്നത് വിശുദ്ധ ക്വുർആൻ നമുക്ക് അറിയിച്ച് തരുന്നുണ്ട്:

"(അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) "എന്റെ പിതാവേ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത; താങ്കൾക്ക് യാതൊരു ഉപകാരവും ചെയ്യാത്ത വസ്തുവെ താങ്കൾ എന്തിന് ആരാധിക്കുന്നു?" (മർയം: 42).

ഉത്തരം നൽകുന്നവരോടേ പ്രാർഥിച്ചിട്ട് കാര്യമുള്ളൂ. അല്ലാഹുവല്ലാത്ത ആരോട് പ്രാർഥിച്ചാലും നമുക്ക് ഉത്തരം ലഭിക്കുകയില്ല തന്നെ. എന്നാൽ അല്ലാഹു പറയുന്നത് നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം എന്നാണ്.

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ; ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം" (അൽഗാഫിർ: 60).

### പ്രാർഥന സർവശക്തനോട് മാത്രം

സർവശക്തനോടാണ് നാം പ്രാർഥിക്കേണ്ടത്. അല്ലാഹു പറയുന്നു:

"തീർച്ചയായും അല്ലാഹു എല്ലാത്തിനും കഴിവുള്ളവനാകുന്നു" (അന്നഹ്ൽ: 77).

### പ്രാർഥന എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നവനോട് മാത്രം

എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്നവനോട് മാത്രമേ നാം പ്രാർഥിക്കാവൂ. അല്ലാഹു പറയുന്നു:

"അവനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനുമാകുന്നു" (അശ്ശൂറാ: 11).

"നിങ്ങൾ അവരോട് പ്രാർഥിക്കുന്ന പക്ഷം അവർ നിങ്ങളുടെ പ്രാർഥന കേൾക്കുകയില്ല. അവർ കേട്ടാലും നിങ്ങൾക്കവർ ഉത്തരം നൽകുന്നതല്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിലാകട്ടെ നിങ്ങൾ അവരെ പങ്കാളിയാക്കിയതിനെ അവർ നിഷേധിക്കുന്നതുമാണ്. സൂക്ഷ്മജ്ഞാനമുള്ളവനെ(അല്ലാഹുവെ) പോലെ നിനക്ക് വിവരം തരാൻ ആരുമില്ല" (അൽ ഫാത്വിർ:14).

### പ്രാർഥന സ്രഷ്ടാവിനോട് മാത്രം

സൃഷ്ടികൾ തന്റെ വേവലാതികളും വ്യസനങ്ങളും എല്ലാം തന്നെ തുറന്ന് വെക്കേണ്ടത് ഇല്ലായ്മയിൽ നിന്ന് സൃഷ്ടിക്കുവാൻ കഴിയുവുള്ള സർവശക്തന്റെ മുമ്പിലാണ്. ഇസ്‌ലാം സൃഷ്ടിപൂജയെ ശക്തമായ ഭാഷയിൽ എതിർക്കുന്നത് കൊണ്ടുതന്നെ ഒരു സൃഷ്ടിയും ആരാധിക്കപ്പെടാൻ പാടില്ല. ആരാധിക്കപ്പെടേണ്ടത് സ്രഷ്ടാവ് മാത്രം. വിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നത് ശ്രദ്ധിക്കുക:

"(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാന്മാരാണെങ്കിൽ ഇതിന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ അറിവിന്റെ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടുവന്നു തരുവിൻ" (അൽ അഹ്ക്വാഫ്: 4).

"നീ പറയുക: അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്ന നിങ്ങളുടെ പങ്കാളികളെപ്പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ എന്തൊന്നാണവർ സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ

എനിക്ക് കാണിച്ചു തരിക. അതല്ല, ആകാശങ്ങളിൽ അവർക്ക് വല്ല പങ്കുമുണ്ടോ? അതല്ല, നാം അവർക്ക് വല്ല ഗ്രന്ഥവും നൽകിയിട്ട് അതിൽ നിന്നുള്ള തെളിവിനനുസരിച്ചാണോ അവർ നിലകൊള്ളുന്നത്? അതല്ല അക്രമകാരികൾ അന്യോന്യം വാഗ്ദാനം ചെയ്യുന്നത് വഞ്ചന മാത്രമാകുന്നു" (അൽഫാത്വിർ: 40)

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾ ക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെ പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കലിൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്ന വനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ!" (അൽഹജ്ജ്: 73)

ഒരു ഈച്ചയെ പോലും സൃഷ്ടിക്കുവാൻ കഴിവില്ലാത്ത സൃഷ്ടികളോട് എങ്ങനെ നാം പ്രാർഥിക്കും? അതുകൊണ്ട് എന്ത് നേട്ടം? സൃഷ്ടികളോടല്ല നാം പ്രാർഥിക്കേണ്ടത്; സ്രഷ്ടകർത്താവിനോട് മാത്രമെ നാം പ്രാർഥിക്കാവൂ, അവനെ മാത്രമെ നാം ആരാധിക്കാവൂ.

ദൃശ്യം-അദൃശ്യം, ഭൗതികം-അഭൗതികം എന്നീ അതിർവരമ്പുകളില്ലാതെ എല്ലാം അറിയുന്നവനോട് മാത്രമെ പ്രാർഥിക്കാവൂ.

"പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല. ഞാൻ ഒരു മലക്കാണ് എന്നും നിങ്ങളോട് പറയുന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിന്തുടരുന്നില്ല. പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാകുമോ? നിങ്ങളെന്താണ് ചിന്തിച്ച് നോക്കാത്തത്?" (അൽഅൻആം: 50).

"അവന്റെ പക്കലാകുന്നു അദൃശ്യകാര്യങ്ങളുടെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരു ഇല പോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കു ള്ളിലിരിക്കുന്ന ഒരു ധാന്യമണിയാവട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല" (അൽഅൻആം: 59).

പ്രവാചകന്മാർക്ക് പോലും സ്വന്തത്തിന് ഒരു ഉപകാരം വരുത്തുവാനോ, തങ്ങൾക്ക് വരുന്ന ബുദ്ധിമുട്ടുകളെ തടുക്കുവാനോ സാധിക്കുമായിരുന്നില്ല. ക്വുർആൻ പറയുന്നു:

"(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യ കാര്യമറിയുമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (അൽഅഅ്റാഫ്:188).

ശത്രുക്കളുടെ മുന്നിൽ തന്റെ പ്രവാചകത്വം സ്ഥാപിക്കേണ്ട സന്ദർഭം വന്നപ്പോൾ പോലും പ്രവാചകന് അദൃശ്യം അറിയുന്നില്ല. അല്ലാഹുവാണ് അദൃശ്യം അറിയുന്നവൻ. ആയതിനാൽ ഞാനും നിങ്ങളെ പോലെ അല്ലാഹു അറിയിച്ച് തരുന്നത്വരെ കാത്തിരിക്കുന്നു എന്നാണ് പ്രവാചകൻﷺ തന്റെ ശത്രുക്കളോട് പറയുന്നത്. അല്ലാഹു പറയുന്നു:

"അവർ പറയുന്നു: അദ്ദേഹത്തിന് (നബിക്ക്) തന്റെ രക്ഷിതാവിങ്കൽ നിന്ന് ഒരു തെളിവ്(നേരിട്ട്) ഇറക്കി ക്കൊടുക്കപ്പെടാത്തതെന്തുകൊണ്ട്? (നബിയേ,) പറയുക: അദൃശ്യജ്ഞാനം അല്ലാഹുവിന് മാത്രമാകുന്നു. അതിനാൽ നിങ്ങൾ കാത്തിരിക്കൂ. തീർച്ചയായും ഞാനും നിങ്ങളോടൊപ്പം കാത്തിരിക്കുന്നവരുടെ കൂട്ടത്തിലാകുന്നു" (യൂനുസ്: 20).

"(നബിയേ,) പറയുക: ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല; അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നും അവർക്കറിയില്ല" (അന്നംല്: 65).

"താനല്ലാതെ യാതൊരു ആരാധ്യനുമില്ലാത്തവനായ അല്ലാഹുവാണവൻ. അദൃശ്യവും ദൃശ്യവും അറിയുന്നവനാകുന്നു അവൻ. അവൻ പരമകാരുണികനും കരുണാനിധിയുമാകുന്നു" (അൽഹശ്ർ: 22).

"കണ്ണുകളുടെ കള്ളനോട്ടവും ഹൃദയങ്ങൾ മറച്ചുവെക്കുന്നതും അവൻ(അല്ലാഹു) അറിയുന്നു" (മുഅ്മിൻ: 19).

പ്രവാചകന്മാരുടെ നേതാവും അവസാനത്തെ പ്രവാചകനും ലോകർക്ക് കാരുണ്യമായി നിയോഗിതനുമായിട്ടുള്ള മുഹമ്മദ് നബിﷺക്ക് അദൃശ്യം അറിയേണ്ട അനിവാര്യമായ ഒട്ടനവധി സന്ദർഭങ്ങൾ തന്റെ പ്രവാചക ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. പക്ഷേ, ആ സന്ദർഭത്തിൽ ഒന്നുംതന്നെ മറഞ്ഞ കാര്യം പ്രവാചകൻﷺ അറിഞ്ഞിട്ടില്ല. മറിച്ച് അല്ലാഹുവിന്റെ വഹ്യ് കാത്തിരിക്കുന്നതാണ് നമുക്ക് കാണാനാവുന്നത്. അതിന് സാക്ഷിയായിട്ട് ഒരുപാട് സംഭവങ്ങൾ പ്രവാചകൻﷺ തന്നെ തന്റെ ചര്യയിൽ വിവരിക്കുന്നതായി ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. ആയതിനാൽ നാം നമ്മുടെ പ്രാർഥനയും ആരാധനയും അദൃശ്യം അറിയുന്ന അല്ലാഹുവിന് മാത്രമെ അർപ്പിക്കുവാൻ പാടുള്ളു. ●

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം



# സകരിയ്യാ നബി عليه السلام

**ബ**നൂഇസ്‌റാഈല്യരിലേക്ക് അയക്കപ്പെട്ട പ്രവാചകനായിരുന്നു സകരിയ്യാ(عليه السلام). ഏഴ് തവണയാണ് ക്വുർആനിൽ അദ്ദേഹത്തിന്റെ പേര് പരാമർശിച്ചിട്ടുള്ളത്. സുലൈമാൻ നബി(عليه السلام)യുടെ സന്താന പരമ്പരയിലാണ് സകരിയ്യാ(عليه السلام) ജനിക്കുന്നത്.

ആ കാലത്ത് സ്ഥാനവും പ്രശസ്തിയുമുണ്ടായിരുന്ന ഒരു കുടുംബമായിരുന്നു ഇംറാൻ കുടുംബം. ഈ കുടുംബത്തിന്റെ പേരിൽ ക്വുർആനിൽ ഒരു അധ്യായം തന്നെയുണ്ട്. പ്രശസ്തമായ ഇംറാൻ കുടുംബത്തിൽ നിന്നാണ് സകരിയ്യാ നബി(عليه السلام) വിവാഹം ചെയ്തത്.

ഇംറാൻ കുടുംബം ഇംറാൻ എന്ന ആളിലേക്കാണ് ചേർക്കപ്പെടുന്നത്. ഇംറാന്റെ ഭാര്യയുടെ പേര് ഹന്നഃ എന്നായിരുന്നു. ഇംറാൻ-ഹന്നഃ ദമ്പതികൾക്ക് സന്താനങ്ങളില്ലാതെ കുറെ കാലം കഴിച്ചുകൂട്ടേണ്ടി വന്നു. മക്കളില്ലാതെ കഴിഞ്ഞ ഇരുവരും അല്ലാഹുവിനോട് നിരന്തരം സന്താനത്തെ ചോദിച്ചിരുന്നു. അവസാനം ഹന്നഃ ഗർഭിണിയായി. ഗർഭിണിയായ സന്ദർഭത്തിൽ അവർ അല്ലാഹുവിനോട് പ്രാർഥിച്ചു. ക്വുർആൻ അവരുടെ പ്രാർഥനയെ പറ്റി ഇപ്രകാരം പ്രസ്താവിക്കുന്നു:

**ആരാധനകൾക്ക് അർഹൻ അല്ലാഹു മാത്രമാണല്ലോ. നേർച്ച ഒരു ആരാധനയാണ്. അത് അല്ലാഹുവിന് മാത്രമെ അർപ്പിക്കാവൂ. അല്ലാഹു അല്ലാത്തവരുടെ പ്രീതിയും പൊരുത്തവും പ്രതീക്ഷിച്ച് നേർച്ചയാക്കുന്നത് അവനിൽ പങ്കുചേർക്കലാണ്. ക്വുർആനും സുന്നത്തും പരിചയപ്പെടുത്തിത്തരുന്ന മഹാന്മാരും മഹതികളും അവരുടെ നേർച്ച അല്ലാഹുവിന് മാത്രമെ സമർപ്പിച്ചിട്ടുള്ളൂ. സത്യവിശ്വാസികൾ അല്ലാഹുവല്ലാത്തവരുടെ പേരിൽ നേർച്ചയാക്കിയ ഒരു സംഭവം പോലും ക്വുർആനിലോ ഹദീഥുകളിലോ നമുക്ക് കാണാൻ കഴിയില്ല.**



“ഇംറാന്റെ ഭാര്യ പറഞ്ഞ സന്ദർഭം (ശ്രദ്ധിക്കുക:) എന്റെ രക്ഷിതാവേ, എന്റെ വയറ്റിലുള്ള കുഞ്ഞിനെ നിനക്കായി ഉഴിഞ്ഞുവെക്കാൻ ഞാൻ നേർച്ച നേർന്നിരിക്കുന്നു. ആകയാൽ എന്നിൽ നിന്ന് നീ അത് സ്വീകരിക്കേണമേ. തീർച്ചയായും നീ (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമത്രെ” (3:35).

സകരിയ്യാ നബിﷺയുടെ പ്രാർഥനയുടെ സന്ദർഭം മനസ്സിലാകുന്നതിന് ഇംറാൻ കുടുംബത്തിന്റെ ഒരു ചെറിയ വിവരണം അനിവാര്യമായതിനാലാണ് അതിനെക്കുറിച്ച് ഇവിടെ പറയുന്നത്.

ബൈതുൽ മക്ദിസിന്റെ പരിചരണത്തിനും ശുശ്രൂഷക്കുമായി ആൺകുട്ടികളെ നേർച്ചയാക്കൽ ഇംറാന്റെ കാലത്ത് പതിവുണ്ടായിരുന്നു.

ഹന്നഃ ഗർഭിണിയായപ്പോൾ തന്നെ പിറക്കാൻ പോകുന്ന കുഞ്ഞിനെ ബൈതുൽ മക്ദസിന്റെ പരിചരണത്തിനായി നേർച്ചനേർന്നു. ജനിക്കാൻ പോകുന്ന കുഞ്ഞ് ആണായിരിക്കുമെന്നാണ് അവർ വിചാരിച്ചത്. അത് അവരുടെ ആഗ്രഹവുമായിരിക്കുമല്ലോ. അതിനാലാണ് അവർ പിറക്കാൻ പോകുന്ന കുഞ്ഞിനെ പള്ളി പരിപാലനത്തിനായി നേർച്ചയാക്കിയത്.

ആരാധനകൾക്ക് അർഹൻ അല്ലാഹു മാത്രമാണല്ലോ. നേർച്ച ഒരു ആരാധനയാണ്. അത് അല്ലാഹുവിന് മാത്രമെ അർപ്പിക്കാവൂ. അല്ലാഹു അല്ലാത്തവരുടെ പ്രീതിയും പൊരുത്തവും പ്രതീക്ഷിച്ച് നേർച്ചയാക്കുന്നത് അവനിൽ പങ്കുചേർക്കലാണ്. ക്വുർആനും സുന്നത്തും പരിചയപ്പെടുത്തിത്തരുന്ന മഹാന്മാരും മഹതികളും അവരുടെ നേർച്ച അല്ലാഹുവിന് മാത്രമെ സമർപ്പിച്ചിട്ടുള്ളൂ. സത്യവിശ്വാസികൾ അല്ലാഹുവല്ലാത്തവരുടെ പേരിൽ നേർച്ചയാക്കിയ ഒരു സംഭവം പോലും ക്വുർആനിലോ ഹദീഥുകളിലോ നമുക്ക് കാണാൻ കഴിയില്ല.

പ്രാർഥനകൾക്കൊടുവിൽ ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നതിന്റെ സന്തോഷം ഇംറാൻ-ഹന്നഃ ദമ്പതികൾ അനുഭവിച്ചു. എന്നാൽ കുഞ്ഞിനെ കാണാൻ ഇംറാന് ഭാഗ്യമുണ്ടായില്ല. കുഞ്ഞ് ജനിക്കുന്നതിന് മുമ്പ് തന്നെ പിതാവ് ഇംറാൻ മരണപ്പെട്ടു!

ഹന്നഃ പ്രസവിച്ചു. കുഞ്ഞ് പെൺകുട്ടി. കുട്ടിക്ക് മർയം എന്ന് പേരിടുകയും ചെയ്തു. (അവരുടെ പേരിലും ക്വുർആനിൽ ഒരു അധ്യായം ഉണ്ട്). ബൈത്തുൽ മക്ദിസിന്റെ പരിപാലനത്തിന് ആൺകുട്ടികളെയാണ് അവിടത്തുകാർ നേർച്ചയാക്കിയിരുന്നത്. അവർ പ്രതീക്ഷിച്ചതല്ല സംഭവിച്ചിരിക്കുന്നത്. ഇനി എന്ത് ചെയ്യും? നേർച്ചയിൽ നിന്ന് പിന്മാറാൻ പാടില്ലല്ലോ. അങ്ങനെ ഹന്നഃ അല്ലാഹുവിനോട് പ്രാർഥിച്ചു:

“എന്നിട്ട് പ്രസവിച്ചപ്പോൾ അവൾ പറഞ്ഞു: എന്റെ രക്ഷിതാവേ, ഞാൻ പ്രസവിച്ച കുട്ടി പെണ്ണാണല്ലോ.-എന്നാൽ അല്ലാഹു അവൾ പ്രസവിച്ചതിനെപ്പറ്റി കൂടുതൽ അറിവുള്ളവനത്രെ- ആണ് പെണ്ണിനെപ്പോലെയല്ല. ആ കുട്ടിക്ക് ഞാൻ മർയം എന്ന് പേരിട്ടിരിക്കുന്നു. ശപിക്കപ്പെട്ട പിശാചിൽ നിന്നും അവളെയും അവളുടെ സന്തതികളെയും രക്ഷിക്കുവാനായി ഞാൻ നിന്നിൽ ശരണം പ്രാപിക്കുകയും ചെയ്യുന്നു” (3:36).

ഹന്നഃക്ക് നേർച്ച നിറവേറ്റൽ നിർബന്ധമായി. പള്ളി പരിപാലനത്തിനായി പതിവിന് വരുദ്ധമായതാണ് സംഭവിക്കാൻ പോകുന്നത്.

ഹന്നഃ എന്ന ആ മഹതിയിൽ നിന്ന് അല്ലാഹു ഏറ്റവും നല്ല രൂപത്തിൽ അത് സ്വീകരിച്ചു. മർയം വളർന്നുവരാൻ തുടങ്ങി. നേർച്ച പ്രകാരം പള്ളിയുടെ

**ഔലിയാഅ് എന്ന പേരിൽ അറിയപ്പെടുന്ന പലരുടെ പേരിലും അനവധി കള്ളക്കറാമത്തുകൾ പ്രചരിപ്പിക്കുകയും എന്നിട്ട് അവരോട് ആഗ്രഹ സഫലീകരണത്തിനായി തേടുകയും ചെയ്യുന്നവർ സകരിയ്യാ നബിعليه السلامയുടെ ചരിത്രത്തിൽ നിന്ന് പാഠം ഉൾക്കൊള്ളേണ്ടതുണ്ട്. മർയം ബീവിعليها السلامയുടെ സമീപത്ത് വലിയ കറാമത്ത് സകരിയ്യാعليه السلام കാണുമ്പോൾ, സന്താനങ്ങളില്ലാതെ വിഷമിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹം അല്ലാഹുവിനോടാണ് തേടുന്നത്. കറാമത്തിന്റെ ഉടമ അല്ലാഹുവാണെന്നും അത് അല്ലാഹുവാണ് അവൻ ഉദ്ദേശിക്കുന്നവർക്ക് ഉദ്ദേശിക്കുന്ന രൂപത്തിൽ നൽകുന്നതെന്നും സകരിയ്യാ നബിعليه السلامക്ക് അറിയാം. അതിനാൽ കറാമത്തിന്റെ ഉടമയായ അല്ലാഹുവിനോടാണ് സകരിയ്യാعليه السلام പ്രാർഥിക്കുന്നത്. ഇതാണ് നാം ഏവരും പിന്തുടരേണ്ട ചര്യ.**



പരിപാലനത്തിന് ഏൽപിക്കാനായി ഉമ്മ മർയമിനെയും കൂട്ടി ബൈതുൽ മക്വ്ദസിലേക്ക് പോയി. സകരിയ്യാ നബിعليه السلامയുടെ ചരിത്രം ഇവിടെ മുതലാണ് ആരംഭിക്കുന്നത്.

മർയമിനെയും കൂട്ടി പള്ളിയിൽ ചെന്ന സന്ദർഭത്തിൽ അവിടെ കാര്യങ്ങൾ നോക്കി നടത്തിയിരുന്ന സകരിയ്യാ നബിعليه السلام മർയമിനെ ഏറ്റടുത്തു. ആ കാലത്ത് സകരിയ്യാ നബിعليه السلام ആയിരുന്നു ബൈതുൽ മക്വ്ദസിലെ പുരോഹിതന്മാരുടെ തലവൻ. മർയമിന്റെ മാതൃസഹോദരിയുടെ ഭർത്താവുമായിരുന്നു അദ്ദേഹം.

കുട്ടിയെ കൊണ്ടുവന്നപ്പോൾ ആരാണ് കുട്ടിയെ ഏറ്റടുക്കുക എന്ന കാര്യത്തിൽ പള്ളിയിലെ പുരോഹിതന്മാർക്കിടയിൽ തർക്കം വരെ ഉണ്ടായി. ഓരോരുത്തരും അതിനായി മുന്നോട്ടു വന്നു. അവസാനം അവർ നറുക്കെടുക്കാൻ തീരുമാനിച്ചു.

"(നബിയേ,) നാം നിനക്ക് ബോധനം നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു അവയൊക്കെ. അവരിൽ ആരാണ് മർയമിന്റെ സംരക്ഷണം ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിക്കുവാനായി അവർ തങ്ങളുടെ പേൻകോലുകളിട്ട് കൊണ്ട് നറുക്കെടുപ്പ് നടത്തിയിരുന്ന സമയത്ത് നീ അവരുടെ അടുത്തുണ്ടായിരുന്നില്ലല്ലോ. അവർ തർക്കത്തിലേർപെട്ടിരുന്നപ്പോഴും നീ അവരുടെ അടുത്തുണ്ടായിരുന്നില്ല" (3:44).

മുഹമ്മദ് നബിﷺക്ക് മുമ്പ് കഴിഞ്ഞുപോയ ചരിത്രങ്ങൾ നേർക്കാഴ്ച പോലെ ലോകർക്ക് വിവരിച്ചു തരാൻ സാധിച്ചത് അല്ലാഹു വഹ്‌യ് (ദിവ്യബോധനം) നൽകിയത് കൊണ്ട് മാത്രമാണെന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ പലരും നബിﷺയെ സംബന്ധിച്ച് വിശ്വസിക്കുന്നത് വികലമായ രൂപത്തിലാണ്. നബിﷺ എല്ലാ കാലത്തും ഈ ലോകത്ത് ഹാജറായിരുന്നു, അദ്ദേഹം എല്ലാം നോക്കിക്കാണുന്നവനായിരുന്നു എന്നെല്ലാമാണ്! യാതൊരു അടിസ്ഥാനവുമില്ലാത്ത പിഴച്ച വിശ്വാസങ്ങളാണ് ഇതെന്നാം തിരിച്ചറിയേണ്ടതുണ്ട്. മുഹമ്മദ് നബിﷺ അങ്ങനെ ഏത് കാലത്തും ജീവിച്ച വ്യക്തിയായിരുന്നില്ലെന്ന് ഈ വചനത്തെ സംബന്ധിച്ച് ചിന്തിക്കുന്ന ആർക്കും ബോധ്യമാകും.

മർയമിനെ ആര് ഏറ്റെടുക്കുമെന്ന തർക്കം അവരിൽ ഉണ്ടായത് സംബന്ധിച്ച് നാം സൂചിപ്പിച്ചു. അവസാനം സകരിയ്യാ നബിعليه السلامയാണ് മർയമിന്റെ സംരക്ഷണം ഏറ്റടുത്തത്. അങ്ങനെ മർയം അദ്ദേഹത്തിന്റെ സംരക്ഷണത്തിലായി വളർന്നു.

മർയമിനു വേണ്ടുന്ന ഉപദേശ നിർദേശങ്ങൾ നൽകുക, അവരുടെ സ്ഥിതിഗതികൾ അന്വേഷിക്കുക, അവർക്കാവശ്യമായവ എത്തിച്ചു കൊടുക്കുക തുടങ്ങിയ കാര്യങ്ങൾക്കായി സകരിയ്യാ നബിعليه السلام അവരുടെ അടുക്കൽ ചെല്ലുക പതിവായിരിക്കുമല്ലോ.

സകരിയ്യാعليه السلام മർയം ആരാധനാ കർമങ്ങൾ നിർവഹിക്കുന്ന പ്രാർഥനാവേദിയിൽ (മിഹ്റാബിൽ) എത്തുമ്പോൾ അത്ഭുതകരമായ കാഴ്ചയാണ് കാണുന്നത്:

"അങ്ങനെ അവളുടെ (മർയമിന്റെ) രക്ഷിതാവ് അവളെ നല്ല നിലയിൽ സ്വീകരിക്കുകയും നല്ല നിലയിൽ വളർത്തിക്കൊണ്ടു വരികയും അവളുടെ സംരക്ഷണച്ചുമതല അവൻ സകരിയ്യായെ ഏൽപിക്കുകയും ചെയ്തു. മിഹ്റാബിൽ (പ്രാർഥനാവേദിയിൽ) അവളുടെ അടുക്കൽ സകരിയ്യാ കടന്നുചെല്ലുമ്പോഴെല്ലാം അവളുടെ അടുത്ത് എന്തെങ്കിലും ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം ചോദിച്ചു: മർയമേ, നിനക്ക് എവിടെ നിന്നാണിത് കിട്ടിയത്? അവൾ മറുപടി പറഞ്ഞു: അത് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നതാകുന്നു.

**അല്ലാഹുവിന്റെ ദൂതന്മാരെ ഒരു ജനതയിലേക്ക് അയക്കുമ്പോൾ അവർ അല്ലാഹുവിന്റെ ദൂതന്മാർ തന്നെയാണ് എന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്നതിനാണ് മുഅ്ജിസത്ത് അല്ലാഹു പ്രകടമാക്കുന്നതെങ്കിൽ കറാമത്ത് എന്തെങ്കിലും തെളിയിക്കാൻ പ്രകടമാക്കുന്നതല്ല. കറാമത്ത് വിശ്വാസവും സൂക്ഷ്മതയും ഉള്ളവരിലൂടെയാണ് അല്ലാഹു പ്രകടമാക്കുന്നത് എന്ന് നാം പറഞ്ഞു. എന്നാൽ വിശ്വാസവും സൂക്ഷ്മതയും ഉള്ള എല്ലാവരിലും അല്ലാഹു അത് പ്രകടമാക്കുന്നതല്ല. ഇനി ഒരാളിൽ എന്തെങ്കിലും അത്ഭുതം കണ്ടാൽ തന്നെ അല്ലാഹു ആദരിച്ചിട്ടുള്ള വ്യക്തിയാണ് അയാൾ എന്ന് നമുക്ക് അയാളെപ്പറ്റി ഒരു ഉറച്ച വിധി പറയാനും സാധ്യമല്ല.**

തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് കണക്ക് നോക്കാതെ നൽകുന്നു" (3:37).

ഉഷ്ണകാലത്ത് മാത്രം ലഭ്യമാകുന്ന പഴങ്ങളും മറ്റു ഭക്ഷ്യവസ്തുക്കളും ശൈത്യകാലത്തും ശൈത്യകാലത്ത് മാത്രം ലഭ്യമാകുന്ന പഴങ്ങളും മറ്റു ഭക്ഷ്യവസ്തുക്കളും ഉഷ്ണകാലത്തും മർയം ബീവിعليه السلامക്ക് ലഭിച്ചിരുന്നു എന്നാണ് ക്വുർആൻ വ്യാഖ്യാതാക്കൾ പറയുന്നത്. അല്ലാഹുവിൽ നിന്ന് അവർക്ക് പ്രത്യേകമായി ലഭിച്ച അനുഗ്രഹമായിരുന്നു ഇത്.

ഒരു സൃഷ്ടിക്കും ചെയ്യാൻ കഴിയാത്ത ഇത്തരം അസാധാരണവും അത്ഭുതകരവുമായ കാര്യങ്ങളാണ് മുഅ്ജിസത്തും കറാമത്തും. മുഅ്ജിസത്ത് പ്രവാചകന്മാരിലൂടെ മാത്രം അല്ലാഹു പ്രകടമാക്കുന്നതാണെങ്കിൽ കറാമത്ത് അല്ലാഹുവിൽ വിശ്വസിക്കുകയും ഭക്തിയോടെ ജീവിക്കുകയും ചെയ്യുന്നവരിലൂടെ പ്രകടമാക്കുന്നതാണ്. അല്ലാഹുവിന്റെ ദൂതന്മാരെ ഒരു ജനതയിലേക്ക് അയക്കുമ്പോൾ അവർ അല്ലാഹുവിന്റെ ദൂതന്മാർ തന്നെയാണ് എന്ന് ജനങ്ങൾക്ക് ബോധ്യപ്പെടുത്തുന്നതിനാണ് മുഅ്ജിസത്ത് അല്ലാഹു പ്രകടമാക്കുന്നതെങ്കിൽ കറാമത്ത് എന്തെങ്കിലും തെളിയിക്കാൻ പ്രകടമാക്കുന്നതല്ല. കറാമത്ത് വിശ്വാസവും സൂക്ഷ്മതയും ഉള്ളവരിലൂടെയാണ് അല്ലാഹു പ്രകടമാക്കുന്നത് എന്ന് നാം പറഞ്ഞു. എന്നാൽ വിശ്വാസവും സൂക്ഷ്മതയും ഉള്ള എല്ലാവരിലും അല്ലാഹു അത് പ്രകടമാക്കുന്നതല്ല. ഇനി ഒരാളിൽ എന്തെങ്കിലും അത്ഭുതം കണ്ടാൽ തന്നെ അല്ലാഹു ആദരിച്ചിട്ടുള്ള വ്യക്തിയാണ് അയാൾ എന്ന് നമുക്ക് അയാളെപ്പറ്റി ഒരു ഉറച്ച വിധി പറയാനും സാധ്യമല്ല.

മർയം ബീവിعليه السلامയുടെ അടുത്ത് സകരിയ്യാ നബിعليه السلام പ്രവേശിക്കുമ്പോൾ ഭക്ഷണം കാണുന്നു. 'മർയമേ, നിനക്ക് എവിടെ നിന്നാണ് ഇത് ലഭിച്ചത്' എന്ന് അദ്ദേഹം ചോദിക്കുന്നു. 'അത് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നതാകുന്നു' എന്ന് അവർ മറുപടി പറയുകയും ചെയ്യുന്നു. സകരിയ്യാ നബിعليه السلامയുടെചോദ്യവും മർയം ബീവിعليه السلامയുടെ മറുപടിയും നാം മുകളിൽ വിവരിച്ചതിലേക്ക് വെളിച്ചം വീശുന്നതാണ്.

മർയമിന് അല്ലാഹു അത്ഭുതകരമായ രീതിയിൽ ധാരാളം പഴങ്ങളും മറ്റും നൽകിയത് സകരിയ്യാعليه السلام നേരിൽ ദർശിക്കുകയാണ്. ആ പഴങ്ങൾ അവിടെ ലഭിക്കാൻ ഭൗതികമായ യാതൊരു കാരണവും ഉണ്ടായിരുന്നില്ല. അഭൗതിക മാർഗത്തിലൂടെയാണ് അത് ലഭ്യമായിരിക്കുന്നത്. അതാണ് മുഅ്ജിസത്തിന്റെയും കറാമത്തിന്റെയും സവിശേഷത.

വയസ്സേറെയായിട്ടും സന്താനങ്ങളില്ലാതെ വിഷമിച്ച് അല്ലാഹുവിനോട് പ്രാർഥിച്ചുകൊണ്ടേയിരിക്കുന്ന, അല്ലാഹുവിന്റെ നല്ലവനായ അടിമയായിരുന്നു സകരിയ്യാعليه السلام. വയസ്സ് എൺപത് പിന്നിട്ടു. മക്കളുണ്ടാകുന്ന സാധാരണ അവസ്ഥയെല്ലാം അവസാനിച്ചു. എന്നിട്ടും എല്ലാ കാര്യത്തിനും കഴിവുള്ള അല്ലാഹുവിൽ അടിയുറച്ച വിശ്വാസമുള്ള സകരിയ്യാ നബിعليه السلام അല്ലാഹുവിനോട് പ്രാർഥിക്കുന്നത് നോക്കൂ:

"അവിടെ വെച്ച് സകരിയ്യാ തന്റെ രക്ഷിതാവിനോട് പ്രാർഥിച്ചു: എന്റെ രക്ഷിതാവേ, എനിക്ക് നീ നിന്റെ പക്കൽ നിന്ന് ഒരു ഉത്തമ സന്താനത്തെ നൽകേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ എന്ന് അദ്ദേഹം പറഞ്ഞു" (3:38).

അല്ലാഹുവിനോടാണ് സകരിയ്യാعليه السلام ചോദിക്കുന്നത്. പ്രവാചകന്മാർ മുഴുവനും അല്ലാഹുവിനോട് മാത്രമെ എപ്പോഴും എവിടെ വെച്ചും പ്രാർഥിക്കാവൂ എന്നാണ് പഠിപ്പിച്ചത്. എന്നാൽ ഇന്ന് പലരും പ്രചരിപ്പിക്കുന്നത് പ്രവാചകന്മാരുടെ മാർഗത്തിന് വിരുദ്ധമാണ്. അല്ലാഹുവിന് പുറമെ ആരോടും വിളിച്ചുതേടാം, അവർക്ക് സ്വന്തമായി കഴിവുണ്ടെന്ന് വിശ്വസിച്ചാലേ ശിർക്കാവുകയുള്ളൂ എന്നും 'അമ്പിയാക്കളും ഔലിയാക്കളും' സൃഷ്ടികളാണെന്നും അല്ലാഹു കൊടുത്ത കഴിവേ അവർക്ക് ഉള്ളൂ എന്ന വിശ്വാസത്തിൽ അവരോട് എന്തും ചോദിക്കാം എന്നുമാണ് ഈ തൽപര കക്ഷികൾ വാദിക്കുന്നത്.

ഔലിയാഅ് എന്ന പേരിൽ അറിയപ്പെടുന്ന പലരുടെ പേരിലും അനവധി കള്ളക്കറാമത്തുകൾ പ്രചരിപ്പിക്കുകയും എന്നിട്ട് അവരോട് ആഗ്രഹ സഫലീകരണത്തിനായി തേടുകയും ചെയ്യുന്നവർ സകരിയ്യാ നബിعليه السلامയുടെ ചരിത്രത്തിൽ നിന്ന് പാഠം ഉൾ

ക്കൊള്ളേണ്ടതുണ്ട്. മർയം ബീവി﵇യുടെ സമീപത്ത് വലിയ കറാമത്ത് സകരിയ്യാ﵇ കാണുമ്പോൾ, സന്താനങ്ങളില്ലാതെ വിഷമിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹം അല്ലാഹുവിനോടാണ് തേടുന്നത്. കറാമത്തിന്റെ ഉടമ അല്ലാഹുവാണെന്നും അത് അല്ലാഹുവാണ് അവൻ ഉദ്ദേശിക്കുന്നവർക്ക് ഉദ്ദേശിക്കുന്ന രൂപത്തിൽ നൽകുന്നതെന്നും സകരിയ്യാ നബി﵇ക്ക് അറിയാം. അതിനാൽ കറാമത്തിന്റെ ഉടമയായ അല്ലാഹുവിനോടാണ് സകരിയ്യാ﵇ പ്രാർഥിക്കുന്നത്. ഇതാണ് നാം ഏവരും പിന്തുടരേണ്ട ചര്യ.

സകരിയ്യാ﵇ തേടുന്നത് കേവലം ഒരു സന്താനത്തെയല്ല. മറിച്ച്, നല്ല ഒരു സന്താനത്തെയാണ്. സന്താനസൗഭാഗ്യത്തിന് വേണ്ടി തേടുമ്പോൾ നല്ല മക്കളെ തരാനാണ് നമ്മളും അല്ലാഹുവിനോട് ചോദിക്കേണ്ടത്. ഇബ്‌റാഹീം നബി﵇യുടെ പ്രാർഥനയും നാം കണ്ടതാണല്ലോ.

സമ്പത്തും സന്താനവും പരീക്ഷണമാണ്. സമ്പത്ത് അല്ലാഹു എല്ലാവർക്കും ഒരു പോലെയല്ലല്ലോ നൽകുന്നത്. ചിലർക്ക് അല്ലാഹു ധാരാളം നൽകുന്നു. മറ്റു ചിലർക്ക് കുറച്ച് നൽകും. ചിലർക്ക് തീരെ നൽകാതെയിരിക്കും. അതിനാൽ സമ്പത്ത് ലഭിച്ചവരും ലഭിക്കാത്തവരും അഹങ്കരിക്കുകയോ നിരാശപ്പെടുകയോ ചെയ്യേണ്ടതില്ല. അല്ലാഹു ചിലർക്ക് മക്കളെ നൽകും. ചിലർക്ക് നൽകില്ല. എല്ലാം പരീക്ഷണമാണ്.

ഏത് സന്ദർഭത്തിലും പ്രാർഥിക്കാൻ അവകാശപ്പെട്ടവൻ അല്ലാഹു മാത്രമാണ്. കാരണം അവൻ മാത്രമാണ് പ്രാർഥന കേൾക്കുന്നവൻ. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
**ഹൃദയാരോഗ്യം അറിയേണ്ടതെല്ലാം, ഭാഗം: 11**
**ഹൃദയ താളം - ലക്ഷണങ്ങൾ**
**അവതരണം: ഡോ.പി.പി മുഹമ്മദ് മുസ്തഫ**
**(Chief Cardiologist and Managing Director, Metromed International Cardiac Centre, CLT)**
**ഡോ. പി.പി അബ്ദുൽ മാലിക്**
**(പീസ് റേഡിയോ പ്രതിനിധി)**
04.02.19 തിങ്കൾ 9:00 PM

**പ്രകാശ തീരം**
**വെറുക്കാതിരിക്കുക ഭാര്യമാരെ**
**സ്വാദിഖ് മദീനി**
04.02.19 തിങ്കൾ 9:30 PM, 06.02.19 ബുധൻ 9:35 AM

**അന്നൂർ, ക്ലാസ്സ്: 5**
**ഫാതിഹ: എത്ര മഹത്തരം!**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി**
04.02.19 തിങ്കൾ 9:30 PM

**ഹൃദയ വസന്തം**
**സൂറ: ഖലം 39-41, മുസ്തഫ മദനി**
06.02.19 ബുധൻ 07:45 PM

**അന്നൂർ, ക്ലാസ്സ്: 6**
**ഫാതിഹ: അനുപമം, അതുല്യം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി**
06.02.19 ബുധൻ 10:00 PM


**ആരോഗ്യ വിചാരം**
**ഹൃദയാരോഗ്യം അറിയേണ്ടതെല്ലാം, ഭാഗം: 12**
**ഹാർട്ട് അറ്റാക്കിനുള്ള ചികിത്സ**
**അവതരണം: ഡോ.പി.പി മുഹമ്മദ് മുസ്തഫ**
**(Chief Cardiologist and Managing Director, Metromed International Cardiac Centre, CLT)**
**ഡോ. പി.പി അബ്ദുൽ മാലിക് (പീസ് റേഡിയോ)**
07.02.19 വ്യാഴം 08:20 PM

**അന്നൂർ, ക്ലാസ്സ്: 7**
**ഫാതിഹ: അതിശ്രേഷ്ഠം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല അൽ മദീനി**
08.02.19 വെള്ളി 10:00 PM

**ഇലൽ അറബിയ്യ**
**അറബി ഭാഷാ പഠനം, ഭാഗം: 23**
**ഹുസൈൻ പാലക്കോടൻ**
10.02.19 ഞായർ 9:30 PM, 12.02.19 ചൊവ്വ 9:35 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

അബൂഫായിദ
mail@nerpatham.com



# കാർഷികവൃത്തിയുടെ മഹത്ത്വം

**ജാബിർ(റ) നബി(സ) പറഞ്ഞതായി ഉദ്ധരിക്കുന്നു: "വല്ല മുസ്‌ലിമും ഒരു സസ്യം നട്ടുപിടിപ്പിച്ചാൽ അതിൽനിന്ന് എന്ത് ഉപകാരമാണോ ലഭിക്കുന്നത് അത് അവന് ഒരു ധർമമാണ്. അതിൽനിന്ന് മോഷ്ടിക്കപ്പെട്ടാലും അത് അവന് ഒരു ധർമമാണ്. ഹിംസ്ര ജന്തു അതിൽനിന്ന് തിന്നതും അവന് ധർമമാണ്. പക്ഷി തിന്നതും അവന് ധർമം തന്നെ. അതിൽനിന്ന് ആര് ഉപയോഗിച്ച് കുറവ് വരുത്തിയാലും അത് അവന് ധർമം ആകാതിരിക്കില്ല" (മുസ്‌ലിം)**

ഏതൊരു ജീവിയുടെയും നിനിൽപിന് അത്യന്താപേക്ഷിതമായ കാര്യങ്ങളിൽ ഒന്നാണ് വിശപ്പടക്കാനുള്ള ആഹാരം. മനുഷ്യന്റെ ആഹാരത്തിൽ മുഖ്യമായിട്ടുള്ളത് കായ്കനികളും ധാന്യങ്ങളുമാണ്. അവ ആവശ്യാനുസൃതം ലഭ്യമാകണമെങ്കിൽ ഫലവൃക്ഷങ്ങളും സസ്യങ്ങളും നട്ടുപിടിപ്പിക്കുകയും ധാന്യങ്ങൾ കൃഷിചെയ്ത് ഉണ്ടാക്കുകയും ചെയ്യണം. പ്രസ്തുത സേവനം ചെയ്യുന്നവൻ തനിക്കും കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും ഏറെ വലിയ സേവനമാണ് ചെയ്യുന്നത്. അത്കൊണ്ടുതന്നെ കൃഷിയെ ഉൽകൃഷ്ടമായ തൊഴിലായി ഇസ്‌ലാം കാണുന്നു.

കൃഷി ഉത്തമ തൊഴിലാകാൻ പല കാരണങ്ങളുമുണ്ട്. ഒന്നാമതായി കർഷകന്റെ അർപ്പണബോധം തന്നെ. ഒരു സത്യവിശ്വാസി അല്ലാഹുവിൽ പൂർണമായി അർപ്പണം നടത്തിക്കൊണ്ടാണ് മണ്ണിൽ കൃഷിചെയ്യുന്നത്. ആ പരിശ്രമം വിജയിക്കണമെങ്കിൽ അല്ലാഹുവിന്റെ സഹായം കൂടിയേ തീരൂ. വിത്ത് മുളപ്പിക്കാനും കായ്കനികൾ ഉൽപാദിപ്പിക്കുവാനും അല്ലാഹുവിനേ കഴിയൂ.

"എന്നാൽ നിങ്ങൾ കൃഷി ചെയ്യുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മുളപ്പിച്ചു വളർത്തുന്നത്. അതല്ല നാമാണോ, അത് മുളപ്പിച്ച് വളർത്തുന്നവൻ?" (ക്വുർആൻ 56:63,64).

കാർഷികവൃത്തിയുടെ ഫലം മറ്റു മനുഷ്യർക്കും ഇതര ജീവികൾക്കും കൂടി പ്രയോജനമാകുന്നു എന്നതാണ് രണ്ടാമത്തെ കാരണം.

കാർഷിക പ്രവർത്തനം മനുഷ്യനെ കർമോൽസുകനും വിനയശീലനുമാക്കും. തന്റെയും കുടുംബത്തിന്റെയും ഉപജീവന ആവശ്യങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കാൻ ഇടവരാത്തവിധം അവനെ അത് അല്ലാഹുവിന്റെ കാരുണ്യത്താൽ ധന്യമാക്കുകയും ചെയ്യുന്നു. തന്റെ അറിവോടെയോ അല്ലാതെയോ അതിൽനിന്ന് മനുഷ്യരോ മൃഗങ്ങളോ പക്ഷികളോ ഭക്ഷിച്ചാലും അവർക്ക് അത് ദാനം ചെയ്ത പ്രതിഫലം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു!

ഒരാൾ ഒരു മാവ് അല്ലെങ്കിൽ പ്ലാവ് നട്ടുപിടിപ്പിച്ചു എന്നിരിക്കട്ടെ. അതിൽ ഫലങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലത്തെല്ലാം അത് ഏത് ജീവി ഉപയോഗിച്ചാലും അവന് പ്രതിഫലം ലഭിക്കുന്നു. ആരെങ്കിലും മോഷ്ടിച്ചു കൊണ്ടുപോയാലും ദാനത്തിന്റെ പ്രതിഫലം കരുണാവാരിധിയായ അല്ലാഹു നൽകുന്നു. ആ ഫലവൃക്ഷങ്ങൾ ലോകാവസാനം വരെ നില നിൽക്കുകയാണെങ്കിൽ പ്രതിഫലവും ലഭിച്ചുകൊണ്ടേയിരിക്കും!

അലസനായി കയ്യും കെട്ടിയിരുന്നാൽ അന്നം മനുഷ്യനെ തേടിവരില്ല. തന്റെകഴിവും ആരോഗ്യവും ഉപയോഗിച്ച് ഭൂമിയിൽ അവൻ അധ്വാനിക്കണം. നിലമൊരുക്കി വിത്തിറക്കുക, വെള്ളവും വളവും നൽകി സംരക്ഷിക്കുക തുടങ്ങി പ്രാഥമികമായ എല്ലാ പ്രവൃത്തികളും ആസൂത്രിതമായും ശാസ്ത്രീയമായും നിർവഹിക്കണം. അതോടൊപ്പം അല്ലാഹുവിൽ ഭരമേൽപിക്കുകയും ശരിയായ ഫലപ്രാപ്തിക്കു വേണ്ടി പ്രാർഥിക്കുകയും വേണം.





WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...



നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21
Nerpatham Weekly
Published on
09 Feb 2019
Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

*Recall* THE PAST

The obsolescence of science forms a parallel to the weakening of the specific experience to ... adaptations and successors within the organized religious community, `remain effective longer than any one phase of scientific thought

THE PRESENT- *ations*

*Optionful* FUTURE

The deracination of the fascist plague will come about solely from relentless recognition of the historical and biological causes that lead to it, and not by imitating it. One cannot vanquish fascism by imitating and subduing it with its own methods, without becoming a fascist oneself. The way of fascism is the way of the automaton, death, rigidity, hopelessness. The way of the living is fundamentally different; it is

PROFCON sheds light on that path. Twenty years ago, a small group of professional students well acquainted with the quirks of campuses gave birth to the annual global conference of professional students. This three-day conference has become the meeting point of students across the globe.

Today's rapid pace of change makes it crucial that we, as individual citizens, have a

WISDOM

23rd PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE

2019 MARCH 8,9,10
PERINTHALMANNA

*To the* Right Goal. *Through the* Right Path.

EMPOWER campus chapter | peaceradio Tune to reality | WISDOM ISLAMIC STUDENTS ORGANISATION

CV Complex
PV Sami Road, Kozhikode
8156812292

www.profcon.in
wisdomstudents
wisdom_students